കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

ഫോൺ – 04912520145
ഇ-മെയിൽ – dopkd.ksad@kerala.gov.in

www.ksad.kerala.gov.in

# തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-20-113/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: -03.02.2021.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇമെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി-20-113/2021 തീയതി: -03.02.2021

# പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.02.2019 മുതൽ 19-11-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ. എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.11.2020 മുതൽ 02.12.2020 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ. റോബർട്ട് .കെ ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഹരിഗോബിന്ദ്. കെ സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.പി.രാമകൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ലിക്സി അലക്സ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അഡ്വ:ടി.എ.പ്രസാദ് | 1-4-2018 മുതൽ 29.10-2018 വരെ |
| | ശ്രീമതി.സുഹറ. | 30.10.2018 മുതൽ 18.11.2018 വരെ |
| | ശ്രീ ഉണ്ണികൃഷ്ണൻ. | 19.11.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.കെ.കെ. ചന്ദ്രദാസ് | 1-4-2018 മുതൽ 31-3-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ദിവ്യ.കെ.കെ | 1-4-2018 മുതൽ 09.04.2018 വരെ |
| | ശ്രീമതി രശ്മി കൃഷ്ണൻ | 10-04-18 മുതൽ 18-05-18 വരെ |
| | ശ്രീമതി ഷഹന ഹംസ | 19.05-18 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ. മധു. സി. പി. | 1-4-2018 മുതൽ 24.09.2018 വരെ |
| | ശ്രീ.രാജേഷ്.ആർ | 25.09.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബിന്ദു.സി.എസ് | 1-4-2018മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി ജമീല.പി.എം | 1-4-2018 മുതൽ 31.032019 വരെ |
| മെഡിക്കൽ ഓഫീസർ-CHC | ഡോ: ഖലീൽ മാജിദ് | 1.4.18 മുതൽ 31.03-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ: അനിൽ. പി . | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ:നിസമോൾ.വി.എം. | 1-4-2018 മുതൽ 28.06-2018 വരെ |
| | ഡോ.ധന്യ എം | 29.06.2018 മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ: സിന്ധു സത്യൻ | 1-4-2018 മുതൽ 31-3-2019 വരെ |
| എച്ച്.എം | ശ്രീമതി.സാവിത്രി.കെ.വി | 1-4-2018 മുതൽ 31-3-19 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. രാജേശ്വരി. ടി | 1-4-2018 മുതൽ 15.11.2018 വരെ |
| | ശ്രീമതി തൻസീല എ എം | 16.11.2018മുതൽ 31.03.2019 വരെ |

ഉള്ളടക്കം

ഭാഗം 1

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ.


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | രസീതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത | 1-13 |
| 14 | റേഷൻകടകളുടെ സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കേണ്ടതാണ് | 1-14 |
| 15 | ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-15 |
| 16 | തനതുഫണ്ടിനു ഒന്നിൽകൂടുതൽ അക്കൌണ്ടുകൾ സൂക്ഷിച്ചിരിക്കുന്നു | 1-16 |
| 17 | തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം- നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-17 |
| 18 | തരിശ്ഭൂമികളും പ്രാന്ത പ്രദേശങ്ങളും കൃഷി ചെയ്യിക്കുന്നതിന് പ്രൊജക്ടുകൾ രൂപീകരിക്കേണ്ടതാണ്. | 1-18 |
| 19 | ഗവ:എൽ പി സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ- റീ ടെണ്ടർ സാധ്യത ഉപയോഗിച്ചില്ല. | 1-19 |
| 20 | ലൈഫ് ഭവന പദ്ധതി അവലോകനം- | 1-20 |
| 21 | വൗച്ചറുകൾക്ക് ആസ്പദമായ ചെലവിന രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-21 |

| | | |
|---|---|---|
| 22 | ദിവസ/കരാർ വേതന നിയമനം - വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. | 1-22 |
| 23 | ഫ്രണ്ട് ഓഫീസ് സംവിധാനം. | 1-23 |
| 24 | സംയുക്ത പ്രൊജക്റ്റുകൾക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടലെ വിനിയോഗിക്കാത്ത നീക്കിയിരുപ്പ് തിരികെ അടവാക്കേണ്ടതാണ്. | 1-24 |
| 25 | ബഡ്ജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല. | 1-25 |
| 26 | ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്. | 1-26 |
| 27 | റീ ഏജന്റ് റെന്റൽ കോൺട്രാക്റ്റ് ഏർപ്പെടുത്തുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. | 1-27 |
| 28 | പാലിയേറ്റീവ് കെയർ പ്രവൃത്തനം - നീരിക്ഷണങ്ങൾ | 1-28 |
| 29 | വ്യവഹാര ചെലവുകൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-29 |
| 30 | തെരുവ് വിളക്കുകളുടെ പരിപാലനം | 1-30 |
| 31 | പഞ്ചായത്ത് വാഹന | 1-31 |
| 32 | മാർഗ്ഗദീപ്തി രോഗികൾക്കായി വാങ്ങിയ മരുന്നുകൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. | 1-32 |
| 33 | കുടിവെള്ള വിതരണം - നീരിക്ഷണങ്ങൾ | 1-33 |
| 34 | സാമൂഹ്യ സുരക്ഷാ പദ്ധതികൾ - നിരീക്ഷണങ്ങൾ | 1-34 |
| 35 | ടാർ ബാരൽ വില ഈടാക്കിയിട്ടില്ല. | 1-35 |

<u>ഭാഗം-II</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള നഷ്ടങ്ങളുടെ വിവരം.

ഒന്നുമില്ല
<u>ഭാഗം-III</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള വ്യക്തമായനഷ്ടം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 3-1 | ടാർ ബാരൽ വില ഈടാക്കിയിട്ടില്ല. | 3-1 |

<u>ഭാഗം-IV</u>

<u>ഓഡിറ്റ് പ്രത്യവലോകനം</u>

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| | | |

| | | |
|---|---|---|
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19വർഷത്തെ ബജറ്റ് 20/03/2018 തിയതിയിലെ തീരുമാനം 1 (1) പ്രകാരം അംഗീകരിച്ചു. 21-2-19ലെ 2/2(1) നമ്പർ തീരുമാന പ്രകാരം വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 27-04-19 | ----- | ----- |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 03.07.2018 മുതൽ 04.07.2018 വരെ | കെ.എസ്.എ-പി.കെ.ഡി-21/997/2019(77) തി.26-8-19 |

### 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 29411283 |
| വരവ് | 92486612 |

| | |
|---|---|
| ആകെ | 121897895 |
| ചെലവ് | 83631177 |
| നീക്കിയിരിപ്പ് | 38266718 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 0 | 16692739 | 16692739 | 16126537 | 566202 |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 12284000 | 12284000 | 12284000 | 0 |
| വികസന ഫണ്ട് ടി.എസ്.പി | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | | 0 | 4867000 | 4867000 | 4867000 | 0 |
| മെയിന്റന ൻസ്ഗ്രാന്റ് നോൺ- റോഡ് | | 0 | 3448000 | 344800 | 2827913 | 620087 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 9710593 | 9710593 | 6429342 | 3281251 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 32400 | 3001941 | 3034341 | 1845000 | 1189341 |
| സാക്ഷരത | | 136158 | 6808 | 142966 | 30 | 142936 |
| PNB nregs (Admin) | | 14248 | 204070 | 218318 | 203319 | 14999 |
| ദുരിതാശ്വാസ നിധി | | 6843 | 46424 | 53267 | 1030 | 52237 |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 17204997 | 17204997 | 17204997 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 14248 | 206985 | 221233 | 206234 | 14999 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3418216 | 3418216 | 2715714 | 702502 |
| | ജില്ലാ പഞ്ചായത്ത് | 0 | 3200470 | 3200470 | 2612552 | 587918 |
| ബി ഫണ്ട് | | 0 | 64303860 | 64303860 | 64303860 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 11509365 | 11509365 | 3517459 | 7991906 |
| തനത് ഫണ്ട് - ട്രഷറി | | 24614513 | 20159257 | 44773770 | 17140151 | 27633619 |

| | | | | | |
|---|---|---|---|---|---|
| തനത് ഫണ്ട്-TSCB | 3270700 | 7326141 | 10596841 | 5141462 | 5455379 |
| തനത് ഫണ്ട്-ട്രഷറി VPFA 1-3 | 158388 | 0 | 158388 | 0 | 158388 |
| SBI പട്ടാമ്പി കറന്റ് | 260924 | 32526 | 293450 | 10609 | 282841 |
| SBI പട്ടാമ്പി 3601 | 223641 | 20833751 | 21057392 | 17040676 | 4016716 |
| SBI പട്ടാമ്പി 4321 | 12537 | 0 | 12537 | 0 | 12537 |
| TSCB EU society | 318357 | 15918 | 334275 | 30 | 334245 |
| TSCB 3430 | 143579 | 7179 | 150758 | 30 | 150728 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമയി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 271 | 108768142 | 179 | 69885179 | 0 | 92 | 66 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 5757392 | 3948547 | 69 |
| വി.ഇ.ഒ i | 17 | 11 | 37830495 | 30038246 | 79 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8 | 5273528 | 5049892 | 96 |
| സെക്രട്ടറി | 43 | 18 | 14537382 | 3734485 | 26 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 158 | 100 | 34055949 | 18036613 | 53 |
| മെഡിക്കൽ ഓഫീസർ-PHC | 11 | 9 | 1266061 | 1120931 | 89 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 525000 | 525000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 300000 | 300000 | 100 |
| അസി.സെക്രട്ടറി | 11 | 10 | 5900228 | 4305794 | 73 |
| വെറ്ററിനറി സർജ്ജൻ | 10 | 10 | 1583387 | 1087307 | 69 |
| ഹെഡ് മിസ്ട്രസ് | 7 | 7 | 1738720 | 1738364 | 99 |
| ആകെ | 271 | 179 | 108768142 | 69885179 | 64% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14248 | 206985 | 221233 | 206234 | 14999 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17204977 | 17204997 | 17204991 | 0 |
| ആകെ | 14248 | 18225277 | 18239825 | 18224826 | 14999 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 68160 | 227 |
| കർഷകതൊഴിലാളി പെൻഷൻ | 3343200 | 70 |
| വിധവാപെൻഷൻ | 17880300 | 60 |
| വാർദ്ധക്യകാലപെൻഷൻ | 35738300 | 184 |
| വികലാംഗപെൻഷൻ | 5027500 | 23 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2066400 | 62 |
| വിവാഹ ധനസഹായം | 180000 | 6 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4547രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം.

1)പൗരാവകാശ രേഖ കാലികമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2)ആസ്തി രജിസ്റ്റർ കമ്പ്യൂട്ടറിൽ സചിത്ര സോഫ്റ്റ് വെയറിലാണ് സൂക്ഷിച്ച് വരുന്നത്. ഹാർഡ് കോപ്പി പ്രിന്റ് എടുത്ത് സൂക്ഷിച്ച് വരുന്നില്ല.പ്രസ്തുത സാഹചര്യത്തിൽ നിലവിലുള്ള എല്ലാ ആസ്തികളും യഥാർത്ഥ മൂല്യത്തോടൊപ്പം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നുണ്ടെന്ന് ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

ആസ്തികൾക്കുള്ള ഡിപ്രിസിയേഷൻ അനുവദിച്ച് വരുന്നുണ്ട്.

കാലികമാക്കിയ ആസ്തി രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകളുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

3)സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ യഥാർത്ഥ മൂല്യം രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.എന്നാൽ ഭൂരിഭാഗം രജിസ്റ്ററുകളിലും ബന്ധപ്പെട്ട ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകൾ വരുത്തി സൂക്ഷിക്കുന്നില്ല.

സാക്ഷ്യപ്പെടുത്തലുകൾ സഹിതം സൂക്ഷിക്കേണ്ടതാണ്.

4)ഭൂരിഭാഗ പ്രൊജക്റ്റുകളിലും അവശ്യം വേണ്ട സാക്ഷ്യ പത്രങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ച് വരുന്നുണ്ട്.

5)പ്രൊജകറ്റുകൾ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളുമായി ചമയ്ക്കപ്പെട്ട കരാറുകൾ/മുദ്ര പത്രങ്ങൾ എന്നിവയിൽ നിയമം അനുശാസിക്കുന്ന രീതിയിലുള്ള രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

അപൂർണ്ണമായ കരാറുകൾ കാരണം നിയമം അനുശാസിക്കുന്ന രീതിയിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കുവാൻ സാധ്യമാവാത്ത സാഹചര്യം സൃഷ്ടിക്കും.ഭാവിയിൽ കരാറുകൾ പൂർണ്ണമായി സൂക്ഷിക്കേണ്ടതാണ്.

6)ഭരണ സമിതിയുടെ മിനിറ്റ്സ് സൂക്ഷിച്ച് വരുന്നുണ്ട്.

7)നൊട്ടീസ് ബോർഡിലൂടേയും, മറ്റ് മാധ്യമങ്ങളിലൂടേയും നിശ്ചിത തീയതിയിൽ ഗ്രാമസഭകൾ കൂടുന്ന വിവരം ജനങ്ങളെ അറിയിക്കുന്നുണ്ട്.

8)ദൈനദിന വരവ് ചെലവ് കണക്കുകൾ സാംഖ്യ ഓൺലൈനിലൂടെ രേഖപ്പെടുത്തി വരുന്നത് ഉത്തരവാദപ്പെട്ട മേൽ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തി സൂക്ഷിക്കുന്നുണ്ട്.

10)2017-18 ൽ മാർച്ച് 26 ന് ISO സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. 2018-19 ൽ സർവയ്ലൻസ് ഓഡിറ്റ് പൂർത്തിയാക്കിയിട്ടുമുണ്ട്. ഓഫീസിലെ റേക്കാർഡ് റൂം സജ്ജീകരിക്കുകയും, ഫയർ എക്സ്റ്റിൻഗ്യൂഷർ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

11)പട്ടിക ജാതി ക്ഷേമ വർക്കിംഗ് ഗ്രൂപ്പ് മുഖേന SCP മേഖലകളുടെ വിശദവിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുവാനായി നൽകിയ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18.11.2020 | 10/2020 | | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.06.2009 മുതൽ 01.07.2009വരെ | 2004-05 മുതൽ 2008-09 വരെ | 31.07.2009 | ഇല്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പ്രത്യേക പരാമർശങ്ങളില്ല

## 1-13 രസീതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത

എൽ. എസ്. ജി. ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇഷ്യൂ ചെയ്ത 41135 നം. രസീതി ബുക്കിലെ 1-41 രസീതികളുടെ പകർപ്പ് വ്യക്തികൾക്ക് നൽകി അസ്സൽ സൂക്ഷിക്കുന്നതിനു പകരം അസ്സൽ നൽകി പകർപ്പ് സൂക്ഷിച്ചിരിക്കുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പണം ഒടുക്കിയ ആൾക്ക് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതുമാണ്. ആയതിന്റെ വിശദീകരണം നല്കേണ്ടതാണ് എന്ന് സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം (നം.6/25-11-2020 ) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 റേഷൻകടകളുടെ സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1) , (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അപ്രകാരം, തിരുമിറ്റക്കോട് പഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യതയും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു.

പഞ്ചായത്ത് പരിധിയിൽ 10 റേഷൻകടകളാണ് ഉള്ളത്. റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും, കടകളുടെ സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

| വാർഡ് നം. | ലൈസൻസിയുടെ പേര് |
|---|---|
| 5 | എം.ഷീല |
| 3 | വിജയലക്ഷ്മി |
| 15 | കെ.സേതുമാധവൻ |
| 10 | ജനാർദ്ദനൻ.കെ |
| 3 | കെ.യു.ഖദീജ |
| 14 | ടി.കെ.മുഹമ്മദുക്കുട്ടി |
| 8 | ഷീല |
| 13 | രാമചന്ദ്രൻ |
| 1 | കെ.പി.രാജൻ |
| 7 | വി.മുഹമ്മദ് |

ടി റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽനികുതിയും, കടകളുടെ സ്ഥാപനതൊഴിൽനികുതിയും ഈടാക്കാത്തതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 3, 24-11-2020) താഴെപ്പറയും പ്രകാരം പഞ്ചായത്ത് മറുപടി നല്കിയിട്ടുണ്ട്.
പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകളുടെ ജീവനക്കാരുടെ തൊഴിൽനികുതിയും, കടകളുടെ സ്ഥാപനതൊഴിൽനികുതിയും 2018-19 കാലയളവിൽ ഈടാക്കിയിട്ടില്ല. ബഹു. കേരള ഹൈകോടതിയുടെ വിധി പ്രകാരം നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്ന റേഷൻകടയുടമകൾ അറിയിച്ചിട്ടുണ്ട് . എന്നാൽ പഞ്ചായത്തിൽനിന്നും ഡിമാൻറ് നോട്ടീസ് നല്കുകയും , തുക അടയ്ക്കാത്തതിനാൽ ഓരോ കടക്കാരുടേയും പേരിൽ റെവന്യൂ റിക്കവറി നടപടി നിയമാനുസൃതം സ്വീകരിച്ചിട്ടുള്ളതുമാണ് .

ബഹു.സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-1-2019 തിയതിയിലെ (സി.എസ്) എ9-764/19 നം. കത്ത് പ്രകാരം റേഷൻകടകളെ തൊഴിൽനികുതി, ലൈസൻസ് ഫീ എന്നിവയിൽ നിന്നും ഒഴിവാക്കാനാവുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി റേഷൻകടകളുടെ ജീവനക്കാരുടെ തൊഴിൽനികുതിയും, കടകളുടെ സ്ഥാപനതൊഴിൽനികുതിയും ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1.) പുതുക്കിയ ചട്ടപ്രകാരം ലൈസൻസ് അനുവദിക്കേണ്ടതാണ്.

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഭേദഗതിക്കു മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | വ്യവസായ സ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മോൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ വാങ്ങിച്ചിരിക്കുന്നത്. പുതുക്കിയ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തതിൻെറ കാരണം വിശദമാക്കേണ്ടതാണ് എന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, 2019-2020 മുതൽ പുതുക്കിയ ഫോം ആണ് ഉപയോഗിച്ചിട്ടുള്ളതെന്നും , 2018-19 വർഷത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ലൈസൻസ് തുകയാണ് ഈടാക്കിയിട്ടുള്ളതെന്നും, ഫോം ലഭ്യമല്ലാത്തത് മൂലമാണ് പഴയ ഫോം ഉപയോഗിച്ചിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

2. പഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ 10 റേഷൻ കടകളാണ് പ്രവർത്തിക്കുന്നത്. ബഹു. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-1-2019 തിയതിയിലെ (സി.എസ്) എ9-764/19 നം. കത്ത് പ്രകാരം റേഷൻകടകളെ തൊഴിൽനികുതി, ലൈസൻസ് ഫീ എന്നിവയിൽ നിന്നും ഒഴിവാക്കാനാവുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി റേഷൻകടകളുടെ ലൈസൻസ് ഫീ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3.) സ്ഥാപനങ്ങളുടെ പൊല്യൂഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞതിനുശേഷവും അവയ്ക്ക് ലൈസൻസ് പുതുക്കി നല്കിയിരിക്കുന്നു

താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ പൊല്യൂഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിഞ്ഞതിനുശേഷവും അവയ്ക്ക് ലൈസൻസ് പുതുക്കി നല്കിയിരിക്കുന്നു.

1.) ടി.കെ.മൊയ്തുണ്ണി, നദ ഹോളോ ബ്രിക്സ്
2.) ഐഷ സൽമാൻ, സയാനി സിമന്റ് ബ്രിക്സ്
3.) ടി.കെ സാഹത്ത് നൂറ, ഫിദ എന്റർപ്രൈസസ്

മേൽ വിഷയം സൂചിപ്പിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ (നം .4 ,24-11-2020) ത്തിന് മറുപടിയായി, 2019-2020 വർഷത്തിൽ ക്രമ നം. (1), (3) എന്നിവർ മലിനീകരണ നിയന്ത്രണബോർഡിന്റെ നിരാക്ഷേപപത്രത്തിന്റെ കാലാവധി 30-6-2023 വരെ ദീർഘിപ്പിച്ചിട്ടുള്ള

നിരാക്ഷേപപത്രം സമർപ്പിച്ചിട്ടുണ്ട് എന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

ക്രമ നം. (2) ഐഷ സൽമാൻ, സയാനി സിമന്റ് ബ്രിക്സ് എന്ന സ്ഥാപനം മലിനീകരണ നിയന്ത്രണബോർഡിന്റെ നിരാക്ഷേപപത്രമില്ലാതെയാണ് പ്രവർത്തിക്കുന്നത്. മലിനീകരണ നിയന്ത്രണബോർഡിന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുള്ള സ്ഥാപനത്തിന്റെ നിരാക്ഷേപപത്രം ഹാജരാക്കേണ്ടതാണ്.

4.) പൊല്യൂഷൻ സർട്ടിഫിക്കറ്റില്ലാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിരിക്കുന്നു

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ സർട്ടിഫിക്കറ്റില്ലാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു.

1.) കെ.മണികണ്ഠൻ , കരുപ്പാലകത്ത് ഇൻഡസ്ട്രീസ്

2.) അബ്ദുൾറസാക്ക് , ചന്ദ്രിക സോ മിൽ

ടി സ്ഥാപനങ്ങൾക്ക് പൊല്യൂഷൻ സർട്ടിഫിക്കറ്റില്ലാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നത് ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണ (നം.4, 24-11-2020)ത്തിന് , ടി അപേക്ഷകർ 2018-19 സാമ്പത്തികവർഷത്തിലെ ലൈസൻസിന് അപേക്ഷിച്ചിരുന്നുവെങ്കിലും മലിനീകരണനിയന്ത്രണബോർഡിന്റെ നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയത് ഹാജരാക്കുന്നതിന് അപേക്ഷകർക്ക് രേഖാമൂലം അറിയിപ്പ് നല്കിയിട്ടുള്ളതും, അറിയിപ്പ് ലഭിച്ചിട്ടും നിരാക്ഷേപപത്രം ഹാജരാക്കാത്തതിനാൽ ലൈസൻസ് അനുവദിച്ചിട്ടില്ല എന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുകയും, ലഭിച്ച ലൈസൻസ് ഫീസ് പഞ്ചായത്തിൽ അടവാക്കുകയും മാത്രമാണ് ചെയ്തിരിക്കുന്നത്. ടി ലൈസൻസ് ഫീസ് തനതുഫണ്ടിന് മുതൽക്കൂട്ടുകയാണ് ചെയ്തിട്ടുള്ളതെന്നും ബോധിപ്പിച്ചിട്ടുണ്ട്.

5.) ലൈസൻസ് അപേക്ഷ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ലൈസൻസ് അപേക്ഷ നം. 277 ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-16 തനതുഫണ്ടിനു ഒന്നിൽകൂടുതൽ അക്കൌണ്ടുകൾ സൂക്ഷിച്ചിരിക്കുന്നു

സർക്കുലർ നം. 58725/എഫ്. എം.3/ 2008/തസ്വഭവ/26.5.11 പ്രകാരം തനതുഫണ്ട് സൂക്ഷിക്കുന്നത് ട്രഷറി അക്കൗണ്ടിനു പുറമേ ഒരു നാഷണലൈസ്ഡ് ബാങ്ക് /സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രമായിരിക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

തനതുഫണ്ട് സൂക്ഷിപ്പിനായി തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ താഴെപ്പറയും പ്രകാരം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ ആണുള്ളത്.

1.) SBI Pattambi

2.) TSCB

3.) SBT Pattambi 57061804321

4.) SBT Pattambi 67073243601

5.) Thirumittakode Service Cooperative Bank 3430

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണ (7-27-11-2020) ത്തിന് മറുപടിയായി , ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി അധികൃതർ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

തനത് ഫണ്ട് സൂക്ഷിപ്പ് ട്രഷറി അക്കൗണ്ടിന് പുറമെ ഒരു നാഷണലൈസ്ഡ്/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രമായിരിക്കണം എന്ന സർക്കുലറിലെ (സർക്കുലർ നമ്പർ 58725/എഫ്എം3/2008/തസ്വഭവ/26.5.11) നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-17 തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം- നാളിതുവരെയായും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| പ്രൊജക്റ്റ് (സ്പിൽ ഓവർ) | 177/19 തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റ് ( ജനറൽ) | 178/19 തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റ് (എസ് സി) |
|---|---|---|
| അടങ്കൽ | വികസന ഫണ്ട്-297750-<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്-170000<br>തനതുഫണ്ട്-72250<br>ആകെ -540000 | വികസന ഫണ്ട്-171000<br>തനതുഫണ്ട്-9000<br>ആകെ -180000 |
| ചെലവ് | 135000 | 0 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| കരാർ | 1322/2017-18 തീ.16.01.2018 | |
| ഏജൻസി | കോസ്റ്റ്ഫോർഡ്,തൃശ്ശൂർ | |

2017-18 വർഷത്തിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ചാത്തന്നൂർ ഗവ.ഹയർസെക്കന്ററി സ്കൂൾ, പ്രാഥമിക ആരോഗ്യ കേന്ദ്രം, രായമംഗലം അങ്കണവാടി,മേലോർത്ത് എസ് സി കോളനി എന്നീ സ്ഥലങ്ങളിൽ (ജനറൽ 3*225000=675000, എസ് സി 1*22500

ആകെ 900000) ഉമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റുകൾ (രണ്ട് എയ്റോബിക് ബിൻ മോഡൽ) സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡ് മുഖാന്തിരം നിർവ്വഹണം നടത്തുന്നതിന് പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുകയും യൂണിറ്റ് ഒന്നിന് 225000 രൂപ എന്ന നിരക്ക് അംഗീകരിക്കുകയും 16.01.2018 ന് കോസ്റ്റ്ഫോർഡുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ചാത്തന്നൂർ ഗവ.ഹയർസെക്കന്ററി സ്കൂൾ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരുന്ന സ്ഥാപനമാണ്.ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയില്ലാത്ത സ്ഥാപനത്തിൽ പദ്ധതി ഫണ്ട് ഉപയോഗിക്കാൻ പാടില്ല. കരാറിൽ ഏർപ്പെടുമ്പോൾ എസ്റ്റിമേറ്റിന്റെ 20% തുകയും ബാക്കി 4 ഘട്ടങ്ങളിലായി പ്രവൃത്തിയുടെ പുരോഗതിക്കനുസരിച്ച് നൽകണമെന്നും 31.03.2018 നകം പ്രവൃത്തി പൂർത്തീകരിക്കണമെന്നും വ്യവസ്ഥ ഉണ്ട്.എന്നാൽ 31.03.2018 നകം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 2018-19 ൽ സ്പിൽ ഓവർ പ്രൊജക്ട് ആയി ഏറ്റെടുത്തെങ്കിലും പൂർത്തിയായില്ല. 2019-20 ലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല


മേലോർത്ത്എസ് സി കോളനി യിലെ മാലിന്യ സംസ്കരണ പ്ലാന്റ്

നാളിതുവരെയായി ജനറൽ പ്രൊജക്ടിൽ 405000 രൂപയും എസ് സി വിഭാഗത്തിൽ 45000 രൂപയുമടക്കം 500000 രൂപ കോസ്റ്റ്ഫോർഡിന് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.57069687503 SBI paramekkavu br).പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കോസ്റ്റ്ഫോർഡ് രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല.പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനും,തുക തിരികെ ഈടാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/28.11.2020) 24.11.2018,10.01.2019,17.01.2020 എന്നീ തിയതികളിൽ കോസ്റ്റഫോർഡിന് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് രേഖാമൂലം കത്ത് നൽകിയിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം തുക പലിശ സഹിതം തിരികെ ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 തരിശ്ഭൂമികളും പ്രാന്ത പ്രദേശങ്ങളും കൃഷി ചെയ്യിക്കുന്നതിന് പ്രൊജക്ടുകൾ രൂപീകരിക്കേണ്ടതാണ്.

കേരളപഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരം കൃഷി,ചെറുകിട ജലസേചനം,സാമൂഹ്യവനവൽക്കരണം എന്നീ മേഖലകളിലെ ചുമതലകളിൽ തരിശ്ഭൂമികളും പ്രാന്ത പ്രദേശങ്ങളും കൃഷി ചെയ്യിക്കുക എന്നത് ഉൾപ്പെടുന്നു. അന്തിമപദ്ധതിരേഖ,സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പ്രകാരം പഞ്ചായത്തിൽ തരിശ്, ബാരൻ ലാന്റ്, പൊതുസ്ഥലം എന്നീ സ്ഥിതികളിലായി ഭൂമിയുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഭൂമിയുടെ തരം | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 11 | ആകെ ഭൂമിയുടെ വിസ്തീർണ്ണം | 3230.6 |
| | കൃഷിക്ക് അനുയോജ്യമായ വിസ്തൃതി | 2685 |
| | കൃഷി ചെയ്യുന്ന വിസ്തൃതി | 2615.6 |
| 1. | തരിശ് ഭൂമി | 180 |
| a. | കൃഷിയോഗ്യമായത് | 70 |
| b. | കൃഷിയോഗ്യമല്ലാത്തത് | 110 |
| 2. | കാർഷികേതരഭൂമി (barren land) | 1400 |
| 3. | നെൽവയലുകൾ | 624 |
| a. | കൃഷി ചെയ്യുന്ന വിസ്തീർണ്ണം | 600 |
| b. | കൃഷിയോഗ്യമാണെങ്കിലും ചെയ്യാത്തവ | 24 |
| c. | കൃഷിയോഗ്യമല്ലാത്തവ | - |

എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രൊജക്ട് ആശയങ്ങളിൽ കൃഷി ഭൂമി തിശിടുന്നത് കൂടിവരുന്ന പ്രവണത കാണുന്നുവെന്നും തരിശുഭൂമിയിൽ കൃഷി ചെയ്യിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് മുൻഗണന നിർദ്ദേശങ്ങളുണ്ടെങ്കിലും തരിശുഭൂമിയിൽ കൃഷി ചെയ്യിക്കുന്നതിനോ പാഴ്ഭൂമിയിൽ സാമൂഹ്യവനവത്ക്കരണത്തിനോ ഉള്ള പ്രൊജക്ടുകളോ പ്രൊജക്ട് നിർദ്ദേശങ്ങളോ വർക്കിംഗ് ഗ്രൂപ്പ് തലത്തിലോ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലോ മറ്റ് ഏതെങ്കിലും തലത്തിലോ ഉയർന്നു വന്നിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പ്രൊജക്ടുകൾ രൂപീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/27.11.2020) നൽകിയ മറുപടിയിൽ 2020-21 വർഷത്തിൽ 3 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കിയിട്ടുണ്ടെന്നും.5 ഹെക്ടർ സ്ഥലത്ത് സ്ഥലത്ത് നെൽകൃഷി നടത്തുന്നതിന് പ്രൊജക്ട് രൂപീകരിച്ചിട്ടുണ്ടെന്നും സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഡിപ്പാർഡ്ട്ട്മെന്റ് തലത്തിലും തരിശുഭൂമിയിൽ കൃഷിചെയ്യുന്നതിന് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.കൃഷിയോഗ്യമായ ഭൂമി പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ഭാവിയിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-19 ഗവ:എൽ പി സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ- റീ ടെണ്ടർ സാധ്യത ഉപയോഗിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 10/18-19<br>ഗവ:എൽ പി സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ |
| അടങ്കൽ | 150000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 150000 |
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ് ജി എൽ പി സ് ചാത്തന്നൂർ |
| ബിൽ നമ്പർ | 5/18-19 തിയതി 11.03..2019 തുക-150000 |
| ഇൻവോയ്സ് നം | 1) 333/01.02..2019-109518<br>2) 335/03.02.2019-41400<br>ആകെ 150000 രൂപയിൽ ക്രമീകരിച്ച് നൽകി |

ഗവ:എൽ പി സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ (നം എ5-638/18 തീ. 18.07..18) വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച നിരക്കുകളും സ്പെസിഫിക്കേഷനും ചുവടെ ചേർക്കുന്നു.

ടെണ്ടർ സ്പെസിഫിക്കേഷൻ -ഫർണീച്ചർ-ബെഞ്ച്,ഡെസ്ക്,അലമാര(മരം/ ഇരുമ്പ് ) 1 വർഷത്തെ ഗ്യാരന്റി ഉണ്ടായിരിക്കണം

| ക്രമ നം | സ്ഥാപനം | സ്പെസിഫിക്കേഷൻ | രേഖപ്പെടുത്തിയ നിരക്ക് |
|---|---|---|---|
| 1 | FIDCO Enterprises<br>ഒളവണ്ണ കോഴിക്കോട് | Baby bench rubwood top 180*40*35 cm<br>without back rest | 2444 |
| | | with back rest | 2894 |
| | | desk 180*40*60 | 2894 |
| | | steel almirah 5 1/2<br>20 guage | 4644 |
| | | 18 guage | 5824 |
| | | steel almirah 5 1/2 glass door 20 guage | 6242 |
| | | 18 guage | 6900 |
| 2 | BS Agencies മലപ്പുറം | 6*1 1/4*2 1/2 desk & 6*1 *1 1/2 bench hardwood top 1set | 4790 |
| | | 6*1 1/4*2 1/2 desk & 6*1 *1 1/2 bench MDF top 1set | 5240 |
| | | steel almirah 6 1/2*36*18 20 guage | 6420 |

| | | | |
|---|---|---|---|
| | | steel almirah 6 1/2*36*18, 18 guage | 7410 |
| | | steel almirah 51/2*34*18 20 guage | 4930 |
| | | steel almirah 51/2*34*18 18 guage | 5930 |
| 3 | K PM Enterprises ചെർപ്പുളശ്ശേരി | Bench 1.8 engler frame anjili or isi wood 72*15*18 | 2180 |
| | | Desk 1.8 engler frame anjili or isi wood 72*18*30 | 2880 |
| | | Wood 72*15*18 bench | 2000 |
| | | Wood 72*18*30 desk | 3000 |
| | | Almirah office type 6 1/2*30*18, | 9800 |
| | | Almirah 651/2*30*18 | 4280 |
| 4 | രാജധാനി ഏജൻസീസ് ചെർപ്പുളശ്ശേരി | Bench 180*40*35 cm leg GI pipe top plywood | 2400 |
| | | Bench 180*40*35 cm GI pipe top anjili | 2480 |
| | | Bench 180*40*35 cm GI pipe top rub wood | 2490 |
| | | Desk 180*42.5*75 cm leg GI pipe Top plywood | 2780 |
| | | Anjili wood | 2940 |
| | | Rub wood | 2980 |
| | | As per specification Bench wooden -Anjili | 3490 |
| | | Bench wooden -mahagony | 3388 |
| | | Bench wooden -hard wood | 3340 |
| | | Desk wooden-Anjili | 3899 |
| | | Desk woode-mahagony | 3447 |
| | | Desk woode-hardwood | 399 |

14.11.2018 ലെ എ 5/636/18 നം കത്ത് പ്രകാരം FIDCO Enterprises ഒളവണ്ണ കോഴിക്കോട് എന്ന സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകുകയും 16.11.2018 ന് ടി സ്ഥാപനം കരാറിൽ ഏർപ്പെടുകയും ഫർണീച്ചറുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.20187 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്.

ടെണ്ടറിൽ ഗുണനിലവാരം, സ്പെസിഫിക്കേഷൻ എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയും പ്രസ്തുത സ്പെസിഫിക്കേഷൻ / ഗുണനിലവാരം പാലിച്ചിട്ടുണ്ടോ എന്ന് സാമ്പിൾ പരിശോധിച്ച് ഉറപ്പുവരുത്തുകയുമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതല. ടെണ്ടർ നോട്ടീസിൽ പഞ്ചായത്ത് ആവശ്യപ്പെട്ടത് പ്രകാരമാണ് എല്ലാ സ്ഥാപനങ്ങളും ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്.സ്കൂളുകൾക്ക് ആവശ്യമായ ബെഞ്ച്, ഡെസ്ക് . അലമാര എന്നിവയുടെ നീളം വീതി കനം നിർമ്മിച്ചിരിക്കുന്ന വസ്തു എന്നിവയെകുറിച്ച് വ്യക്തമായ ഒരു നിർദ്ദേശവും ടെണ്ടറിൽ പ്രതിപാദിക്കാതെ ഫർണ്ണീച്ചറുകളുടെ തെരഞ്ഞെടുപ്പിന് ഉപയോഗിച്ച മാനദണ്ഡം ഏതെന്ന് വ്യക്തമാക്കേണ്ടതാണ്.അപൂർണ്ണവും അവ്യക്തവുമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയ ടെണ്ടർ റദ്ദ് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 09/27.11.2020) ടെണ്ടറിൽ സ്പെസിഫിക്കേഷൻ വ്യക്തമാക്കേണ്ടതായിരുന്നതാണെന്നും ആയത് വിട്ടുപോയതാതാണെന്നും പ്രൊജക്ട് സമയബന്ധിതമായി നടപ്പിലാക്കേണ്ടതിനാലാണ് റീ-ടെണ്ടർ നടത്താതിരുന്നതെന്നും നെഗോസിയേഷൻ നടത്തി ഏറ്റവും നിരക്ക് കുറവ് രേഖപ്പെടിത്തിയ സ്ഥാപനത്തിൽനിന്നും ഫർണീച്ചറുകൾ വാങ്ങിയതെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* സ്റ്റോർസ് പർച്ചേസ് മാന്വൽ,പ്രൊക്യൂർമെന്റ് മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വാങ്ങലുകൾ നടത്തേണ്ടതാണ്.

* ടെണ്ടർമാർ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന രേഖകളുടെ ആധികാരികത യഥാസമയം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി അവലോകനം-

സംസ്ഥാനത്തെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ ഭാഗമായി അനങ്ങനടി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ ആരംഭിക്കുകയും 2018-19 ൽ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ 2 ഭവനത്തിന്റെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2081-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. സർക്കുലർ നമ്പർ 235/ഡി.ബി. 1/2019 തസ്വഭവ തീയതി 16.7.2019 പ്രകാരം 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 300 ഉം എസ്.സി വിഭാഗത്തിൽ 64 ഉം ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 151 പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച് 2 പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (117/19)-ജനറൽ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| | | |

| | | |
|---|---|---|
| പ്ലാൻ ഫണ്ട് | 4430000 | 4430000 |
| ബ്ലോക്ക് പഞ്ചായത്ത് | 2243418 | 2243418 |
| ജില്ലാ പഞ്ചായത്ത് | 1274552 | 1274552 |
| മറ്റിനം (വായ്പ) | 21970000 | 16992030 |
| ആകെ | 29917970 | 24940000 |

ജനറൽ വിഭാഗത്തിലെ 122 പേരിൽ 49 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 11ഗുണഭോക്താക്കൾ അവസാന ഗഡു മാത്രമേ കൈപ്പറ്റാൻ ബാക്കിയുള്ളൂ.

<u>b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 119/19)-എസ്.സി.പി</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് (എസ്.സി.പി) | 2693000 | 2615746 |
| ബ്ലോക്ക് പഞ്ചായത്ത് | 636167 | 0 |
| ജില്ലാ പഞ്ചായത്ത് | 314758 | 0 |
| ആകെ | 3643925 | 2615746 |

എസ് സി വിഭാഗത്തിലെ 64 പേരിൽ 29 പേർ കരാർ വെക്കുകയും 6 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒന്ന്/രണ്ട് ഗഡുക്കൾ കൈപ്പറ്റുകയും പ്രവൃത്തി പൂർത്തീകരിക്കാതിരിക്കുകയും ചെയ്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | അക്കൗണ്ട് നം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സുലോചന പടക്കാട്ടുപറമ്പിൽ തിരുമിറ്റക്കോട് | 40383100000343 | 40000 |
| 2 | സുഹറാബീ w/o മുസ്തഫ കുനങ്ങൽ അകലൂർ | 672130759445 | 40000 |
| 3 | ധന്യ w/o വാസുദേവൻ പട്ടണത്ത് | 4351000100102155 | 200000 |

സ.ഉ.(എം എസ്) 196/2017 ത.സ്വ.ഭ.വ തീ 11.10.2017 പ്രകാരമുള്ള പൂർത്തീകരിക്കാൻ കഴിയാതിരുന്ന ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളിൽ, ഗുണഭോക്താക്കൾക്ക് സ്വയം പൂർത്തിയാക്കുന്നതിന് കഴിയില്ല എന്ന ഭരണസമിതിക്ക് നേരിട്ട് ബോധ്യമാവുകയാണെങ്കിൽ സാമൂഹ്യപ്രതിബദ്ധതയുള്ള ഏജൻസികളെ ചുമതലപ്പെടുത്തി പൂർത്തിയാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാധ്യത പരിശോധിച്ചതായികാണുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിനും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനായി സ്വീകരിച്ച , നടപടികളുടെ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്
( നം08/27.11.2020) സന്നദ്ധ സംഘടനകളുടെയോ, മറ്റ ഏജൻസികളുടെയോ സഹായം ഉപയോഗപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണെന്നും അല്ലാത്തപക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം</u>

17092030 രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ പട്ടാമ്പി ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്.

വായ്പയിൽ 16992030 രൂപ തിരിച്ചടച്ചിട്ടുണ്ട്.

<u>സർക്കാർ വിഹിതം</u>

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

* സർക്കാരിൽനിന്നും മറ്റ് സ്രോതസുകളിൽനിന്നും ലഭ്യമാക്കുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

* വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ഫലപ്രാപ്തിയിൽ എത്തിക്കേണ്ടതാണ്.

## 1-21 വൗച്ചറുകൾക്ക് ആസ്പദമായ ചെലവിന രേഖകൾ ഹാജരാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ അംഗീകാരം ലഭ്യമാക്കിയ 2018-19 ലെ പെയിൻ & പാലിയേറ്റീവ് കെയർ പ്രൊജക്ക്റ്റ് നം.S0045/19 നായി 600,000/- രൂപ വികസന ഫണ്ടിൽ നിന്നും അടങ്കലായി വകയിരുത്തിയിട്ടുണ്ട്.

പ്രസ്തുത പ്രൊജക്റ്റിലെ ചെലവിനങ്ങളിലുൾപ്പെട്ട താഴെ പറയുന്ന ബില്ലുകളിലൂടെ മാറിയ തുകകൾക്കുള്ള ചെലവിന വൗചറുകൾ ഓഡിറ്റിന് ഹാജരാക്കുയുണ്ടായില്ല.(3.12.2020ലെ അന്വേഷണ നം.16)

| ബിൽ. നം./തീയതി | ചെലവ് |
|---|---|
| 15/18-19/24/12/2018 | 24,100/- |
| 19/18-19/22/01/2019 | 23,460/- |

പ്രൊജക്റ്റിനായി സംക്ഷിപ്തത്തിലുൾപ്പെടുത്തിയ ബില്ലുകൾ മുഖേന മാറിയ തുകകൾക്കുള്ള ചെലവിന വൗച്ചറുകളും, 28.02.2019 ലെ ബിൽ നം. 22/18-19 ലൂടെ മാറിയ 69,968/- രൂപയിൽ മരുന്നുകൾക്കായി ചെലവഴിച്ച 30,550/- രൂപയ്ക്കുമുള്ള പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടിയ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല.

പ്രസ്തുത ചെലവിനങ്ങൾക്ക് ആസ്പദമായ വൗച്ചറുകളും രേഖകളും, സ്റ്റോക്ക് രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കുന്നതിന് വിധേയമായി 78,110/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ചെലവിനങ്ങൾക്കുള്ള വൗച്ചറുകളും സ്റ്റോക്ക് രജിസ്റ്ററും സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിച്ച് തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-22 ദിവസ/കരാർ വേതന നിയമനം - വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

ദിവസ/കരാർ വേതന വ്യവസ്ഥയിൽ ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന ജീവനാക്കാരെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം നല്കിയതായി പരിശാധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ :

1)പഞ്ചായത്ത് പാർട്ട് ടൈം സ്വീപ്പർ.

2)ക്ലർക്ക്.

3) പഞ്ചായത്ത് വാഹന ഡ്രൈവർ.

4)എൽ.എസ്.ജി.ഡി. ഓവർസീർ.

5)ടെക്നിക്കൽ അസിസ്റ്റന്റ്.

6) ഓഫീസ് അസിസ്റ്റന്റ്.

7)ലൈബ്രേറിയൻ.

8)ഐ.എസ്.ഒ. സ്റ്റാഫ്.

28.04.2017 ലെ ജി.ഒ.(പി) നം.56/2017/ധന പ്രകാരമുള്ള ദിവസ/വേതന കരാറുമായി ബന്ധപ്പെട്ട താഴെ പറയുന്ന പ്രധാന വ്യവസ്ഥകൾ പാലിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (2.12.2020ലെ.അന്വേഷണ നം.14)

1)കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരെ ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്താവുന്നതും, വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതുമാണെന്നും, കൂടാതെ രണ്ടു വർഷത്തെ കാലാവധിക്കാണ് സേവനം ദീർഘിപ്പിക്കുന്നതെങ്കിൽ സർക്കാരിന്റെ അനുമതിയോടു കൂടിയെ കരാർ പുതുക്കാവൂ എന്നും മേൽ ഉത്തരവ് നിഷ്കർഷിക്കുന്നു.

2)ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് മേധാവി വിലയിരുത്താറുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കുവാൻ അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)കരാർ അടിസ്ഥാനത്തിൽ നിയമിതരായ ക്രമ നം.1 മുതൽ ക്രമ നം.8 വരെ നൽകിയ ജീവനക്കാരുടെ നിയമന കാലയളവിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2)ദിവസവേതന/ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കേണ്ടതിന്റെ ആവശ്യകത വകുപ്പ് മേധാവി വിലയിരുത്താറുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3)സേവന കാലയളവ് രണ്ടു വർഷത്തേക്കാൾ അധികരിക്കുന്ന കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്കുള്ള അനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.സർക്കാർ അനുമതിയില്ലാതെ അനുവദനീയമായ സമയ പരിധിയിൽ കവിഞ്ഞ് സേവനം തുടർന്ന് വരുന്ന ജീവനക്കാർക്ക് നല്കിയ വേതനത്തിനുള്ള സാധൂകരണം സർക്കാരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

4)ഭാവിയിൽ കരാർ അടിസ്ഥാനത്തിൽ ദിവസ വേതനത്തിനായി ജീവനക്കാരെ നിയമിക്കുമ്പോൾ 28.04.2017 ലെ ജി.ഒ.(പി) നം.56/2017/ധന എന്ന ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-23 ഫ്രണ്ട് ഓഫീസ് സംവിധാനം.

പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുവാനും, പഞ്ചായത്തിൽ കാര്യക്ഷമമവും, സുതര്യവും, ഫലപ്രദമായും ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനുമായി സ്വീകരിച്ച നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരേയാണ്.ക്യാഷ് ഇടപാടുകൾ 10 മണി മുതൽ വൈകുന്നേരം 3 മണി വരേയാണ്.

കളക്ഷൻ ക്യാഷ്യറേ ഏൽപ്പിക്കുകയും , ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ച തുക തൊട്ടടുത്ത ദിവസം ബാങ്കിൽ അടവാക്കി വരുകയും ചെയ്യുന്നു.ടോക്കൺ നൽകി മുൻഗണനാ ക്രമത്തിൽ സേവനം നൽകി വരുന്നു.

തപാൽ സ്വീകരണവും, വിതരണവും

ഫ്രണ്ട് ഓഫീസിലൂടെ ലഭ്യമായ അപേക്ഷകൾ/തപാലുകൾ വിതരണ രജിസ്റ്ററിൽ ഒപ്പിട്ട് പിറ്റേ ദിവസം ബന്ധപ്പെട്ട ജീവനക്കാരന് കൈമാറുന്നുണ്ട്.ഇ-മെയിൽ, ടെലഫോൺ സന്ദേശങ്ങൾ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിച്ച് വിശദവിവരങ്ങൾ ബന്ധപ്പെട്ട സെക്ഷനലിലേക്ക് കൈമാറുന്നുണ്ട്.ഫ്രണ്ട് ഓഫീസ് മുഖേന തപാലുകളുടോപ്പമോ, അല്ലാതേയോ ലഭിക്കുന്ന ആധാരങ്ങൾ, എന്നിവ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷനലിൽ സൂക്ഷിക്കുന്നുണ്ട്.

സേവനങ്ങൾ നൽകൽ

ഓരോ അപേക്ഷകനം നൽകുവാനുള്ള സേവനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ തലേ ദിവസം തന്നെ ഫ്രണ്ട് ഓഫീസിലുള്ള ബന്ധപ്പെട്ട ജീവനക്കാർക്ക് ലഭ്യമാവുന്ന മുറയക്ക് ഫ്രണ്ട് ഓഫീസ് ഡയറിയിൽ ഒപ്പിട്ട് വാങ്ങി പൊതു ജനങ്ങൾക്ക് പ്രസ്തുത സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി വരുന്നുണ്ട്.2017-18 വർഷത്തിൽ തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്തിന് മികച്ച പഞ്ചായത്തിനുള്ള സംസ്ഥാന അവാർഡും ലഭിച്ചിട്ടുണ്ട്.

<u>ഭൗതിക സാഹചര്യം</u>

2018 മാർച്ച് 26 ന് ൽ ഗ്രാമ പഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്.2020 ൽ ആയതിന്റെ സർവെയൻസ് ഓഡിറ്റും പൂർത്തിയാക്കിയിട്ടുണ്ട്.ഹെൽപ്പ് ഡെസ്ക്ക്, പൊതുജനങ്ങൾക്കുള്ള അപേക്ഷകൾ നൽകുവാനുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതോടൊപ്പം ഫയർ എക്സ്റ്റിംഗ്യൂഷറും സുരക്ഷയ്ക്കായി ഒരുക്കിയിട്ടുണ്ട്.കാര്യാലയത്തിൽ ക്യമറ സർവൈലൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

<u>ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ</u>

പ്രസ്തുത രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ മേൽ നോട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തലുകൾ വരുത്തി വരുന്നുണ്ട്.

<u>പരാതിപ്പെട്ടി</u>

ഫ്രണ്ട് ഓഫീസിൽ പരാതിപ്പെട്ടിയും, ഇതിലൂടെ ലഭ്യമാവുന്ന പരാതികൾക്കായി രജിസറ്ററും സൂക്ഷിച്ച് വരുന്നുണ്ട്.ഓരോ മാസവും പർഫോമൻസ് ഓഡിറ്റ് വിഭാഗമാണ് പരാതിപ്പെട്ടി പ്രവർത്തി ദിവസം തുറന്ന് ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്തി നടപടികൾ സ്വീകരിച്ച് വരുന്നത്. പ്രവർത്തനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്ത് വരുന്നുമുണ്ട്.

<u>2.07.2009 ലെ ജി.ഒ.(എം.എസ്) 123/2009/ത.സ്വ.ഭ.വ യിൽ നിഷ്കർഷിക്കുന്ന താഴെ പറയുന്ന വ്യവസ്ഥകൾ നിലവിൽ ഫ്രണ്ട് ഓഫീസ് നടപടിക്രമങ്ങളിൽ പാലിച്ച് കാണുന്നില്ല.</u>

1)പരാതിപ്പെട്ടിയിലൂടെ ലഭ്യമാവുന്നവ തുറക്കുന്ന ദിവസം തന്നെ ബന്ധപ്പെട്ട രജിസ്റ്റിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണെന്ന നിബന്ധന പാലിച്ച് കാണുന്നില്ല.

2)ഫോറങ്ങൾ ഫോറം വിതരണ രജിസ്റ്ററിൽ (അനുബന്ധം -5) ൽ ചേർത്തി ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്ത് കാണുന്നില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

2.07.2009 ലെ ഉത്തരവിലുള്ള വ്യവസ്ഥകൾ പാലിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തി ശുപാർശകളും നിർദ്ദേശങ്ങളും പഞ്ചായത്തിന് സമയബന്ധിതമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-24 സംയുക്ത പ്രൊജക്റ്റുകൾക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടലെ വിനിയോഗിക്കാത്ത നീക്കിയിരുപ്പ് തിരികെ അടവാക്കേണ്ടതാണ്.

23.01.2017 ലെ സ.ഉ.(പി) നം.07/2017/ഫിൻ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയുക്ത പ്രാജക്റ്റുകൾക്കുള്ള (Joint Venture) തുക നിക്ഷേപിക്കുന്നതിനം പിൻവലിക്കുന്നതിനുമായി ട്രഷറിയിൽ ഒരു STSTB അക്കൗണ്ട് ആരംഭിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നു.ഇതിലേക്കായി ലഭ്യമാവേണ്ട തുക ഒറ്റ തവണയായി സെപ്റ്റംബർ 30 നകം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണെന്നും, മറ്റ് ഫണ്ടുകളൊന്നും പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതല്ലായന്നും മേൽ ഉത്തരവ് നിഷ്കർഷിക്കുന്നു. ഇതിൽ നിന്നും ചെക്ക് മുഖാന്തിരം തുക പിൻവലിക്കാവുന്നതാണ്. സാമ്പത്തിക വർഷത്തിനുള്ളിൽ ചെലവഴിക്കുവാൻ സാധ്യതയില്ലാത്ത തുക ഫെബ്രുവരി 28 നകം അതാത് സ്ഥാപനങ്ങളിലേക്ക് തിരികെ നൽകേണ്ടതാണ്.മാർച്ച് 31 നകം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.പണമാക്കാത്ത ചെക്കിന്റെ തുക നില നിർത്തേണ്ടതാണ്.

<u>ഗ്രാമപഞ്ചായത്തിലെ സംയുക്ത പ്രൊജക്റ്റുകൾക്കായി ആരംഭിച്ച അക്കൗൺണ്ടിന്റെ വിശദവിവരങ്ങൾ :</u>

| ബാങ്കിന്റെ പേര് | അക്കൗണ്ട് നം. | നീക്കിയിരിപ്പ് |
|---|---|---|
| ട്രഷറി അക്കൗണ്ട് ജോയിന്റ് വെൻചർ | 799013000001123 | 2,76,33,619/- |

<u>സെക്രട്ടറിയുടെ വിശദീകരണം.</u>

സംയുക്ത പ്രൊജക്റ്റുകൾക്കായി പ്രത്യേക അക്കൗണ്ട് നിലവിലില്ല.സംക്ഷിപ്തത്തിൽ ഉൾപ്പെടുത്തിയ ട്രഷറി അക്കൗണ്ടിൽ തന്നെയാണ് ബ്ലോക്ക്, ജില്ല, ഗ്രാമ പഞ്ചായത്ത് എന്നിവയിലെ ഇടപാടുകൾ നടത്തി വരുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) 23.01.2017 ലെ സ.ഉ.(പി) നം.07/2017/ഫിൻ പ്രകാരം ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ പണമാക്കാത്ത ചെക്കിന്റെ തുക മാത്രം നിലനിർത്തി കൊണ്ട് മാർച്ച 31ന് ശേഷം വിനിയോഗിക്കാത്ത നീക്കിയിരിപ്പായ 2,76,33,169/- രൂപ തിരികെ അടവാക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-25 ബഡ്ജറ്റ് നടപടിക്രമങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214 -ാം വകുപ്പ് പ്രകാരവും സർക്കാർ കാലാകാലങ്ങളിലായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും, ചട്ടങ്ങൾക്കും വിധേയമായി 175 -ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ 2018-19 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ്/ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ താഴെ പറയുന്ന പ്രകാരം തയ്യാറാക്കേണ്ടതാണ് :

1)പ്രസ്തുത ബഡ്ജറ്റ് ജനവരി 15 ന് മുമ്പ് തന്നെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറി, അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് സമർപ്പിച്ച് അവർ നൽകുന്ന എസ്റ്റിമേറ്റും, നിർദ്ദേശങ്ങളും പരിഗണിച്ച് ബഡ്ജറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.(ഉപവകുപ്പ് 1).

2)മേൽ സൂചിത നിർദ്ദശാനുസരണം ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച്ച കഴിയുന്നതിന് മുമ്പ് തന്നെ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. (ഉപവകുപ്പ് 1(എ)(1)).

കരട് ബ്ജറ്റ് അംഗീകരിക്കുവാൻ പഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങൾ (1.12.2020 ലെ അന്വേഷണ നം.13)

1)07.03.2018ലെ തീരുമാനം നം.1 (1) പ്രകാരമാണ് പഞ്ചായത്തിന്റെ എസ്റ്റിമേറ്റും, നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

2)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമർപ്പിച്ച പ്രസ്തുത ബഡ്ജറ്റ് ഭരണസമിതി 20.03.2018 ലെ 1/1 ാം നമ്പർ തീരുമാന പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്.

ഉപവകുപ്പ് 1 ലേയും, ഉപവകുപ്പ് 1(എ)(1) ലേയും നിർദ്ദേശങ്ങൾ പാലിക്കാതേയാണ് കരട് ബഡ്ജറ്റ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും, ഭരണസമിതിയും അംഗീകരിച്ചിട്ടുള്ളതെന്ന് മേൽ വിവരങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

പ്രതീക്ഷിത വരവ്/ചെലവ് കണക്കുകളുടെ വിശദവിവരങ്ങൾ :

| | |
|---|---|
| മുൻബാക്കി | 29,57,351 /- |
| വരവ് | 15,00,17,600/- |
| ആകെ വരവ് | 15,29,74,951/- |
| ചെലവ് | 14,32,35,000/- |
| നീക്കി ബാക്കി | 97,39,951/- |

3)2017-18 ലെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടൊപ്പം വിശദമായ കുറിപ്പുകൾ വേണം.(ഉപവകുപ്പ് 1(എ)(3)).

പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല..

4)ബഡ്ജറ്റിൽ മാറ്റം വരുത്തുവാനായി സ്റ്റാന്റിംഗ് കമ്മിറ്റി റിവൈസഡ് ബഡജറ്റ് തയ്യാറാക്കി പഞ്ചായത്തിന് മുമ്പാകെ സമർപ്പിക്കണം.(ഉപവകുപ്പ് 1(എ)(5).

2018-19 ൽ സ്റ്റാന്റിംഗ് കമ്മിറ്റി റിവൈസഡ് ബഡജറ്റ് 21.02.2019 ന് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

റിവൈസഡ് ബഡ്ജറ്റ്

| | |
|---|---|
| മുൻബാക്കി | 29,57,351 /- |
| വരവ് | 1,62,197,600/- |
| ആകെ വരവ് | 1,65,15,4,951/- |
| ചെലവ് | 1,57,09,1000/- |
| | |

| | |
|---|---|
| നീക്കി ബാക്കി | 80,63,951/- |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഭാവിയിൽ കരട് ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ജി.ഒ.(എം.എസ്) നം. 80/2017 തസ്വഭവ 03.04.2017,ഖണ്ഡിക 29 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2)ക്രമ നമ്പർ 1 മുതൽ 4 വരെ കൊട്ടത്തിരിക്കുന്ന ഉപവകുപ്പുകളിലേയും, സർക്കാർ ഉത്തരവിലേയും നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്.

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0083/19 |
| പേര് | ബ്ലോക്ക് ഡയാലിസിസ് യൂണിറ്റിനുള്ള ധന സഹായം |
| അടങ്കൽ | 1,00,000/- (വികസന ഫണ്ട്) ജനറൽ |
| ബിൽ നം./ തീയതി | ചെലവ് |
| 20/18-19/22/01/2019 | 1,00,000/- |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം വികസന ഫണ്ടിൽ നിന്നും ബ്ലോക്ക് ഡയാലിസിസ് യൂണിറ്റിനുള്ള ധന സഹായം നൽകിയ 1,00,000/- രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 റീ ഏജന്റ് റെന്റൽ കോൺട്രാക്റ്റ് ഏർപ്പെടുത്തുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പി.എച്ച്.സി യുടെ കീഴിലുള്ള ലാബിലേക്കായി റീ-ഏജന്റുകൾ വാങ്ങുന്നതിനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0077/19 |
| പേര് | പി.എച്ച്.സി. ലാബിലേക്ക് റീ-ഏജന്റ് വാങ്ങൽ 2018-19 |
| അടങ്കൽ | 49,606/- (വികസന ഫണ്ട് - റോഡിതരം) |
| ബിൽ നം. / തീയതി | ചെലവ് |
| 12/18-19/10/11/2018 | 14,788/- |
| 17/18-19/22.01.2019 | 34,818/- |
| ആകെ | 49,606/- |

ലാബിലേക്ക് റീ-ഏജന്റുകൾ വാങ്ങുവാനായി മെഡിക്കൽ ഓഫീസർ സ്വീകരിച്ച് വരുന്ന നടപടിക്രമം (28.11.2020 ലെ അന്വേഷണ നം.12)

N.A.C. ലഭ്യമാക്കി ടെണ്ടറുകൾ ക്ഷണിക്കാതെ 'Local Purchase' നടത്തി ആവശ്യാനുസരണം ലാബിലേക്കായി റീ-ഏജന്റുകൾ വാങ്ങുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ജി.ഒ.(പി)നം.1/2019/എസ്.പി.ഡി. തീയതി 02.01.2019 എന്ന ഭേദഗതി ഉത്തരവ് പ്രകാരം ആരോഗ്യ മേഖലയ്ക്കായി റീ ഏജന്റ് റെന്റൽ കോൺട്രാക്റ്റ് എന്ന പുതിയ വാങ്ങൽ രീതി മാന്വലിലെ ഖണ്ഡിക 7.51 ലൂടെ കൂട്ടി ചേർത്തിട്ടുണ്ട്.പ്രസ്തുത ഉത്തരവ് പ്രകാരം

ലാബിലേക്കായുള്ള റീ ഏജന്റുകൾ വാങ്ങുമ്പോൾ താഴെ പറയുന്ന

വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവ് നിഷ്കർഷിക്കുന്നു :

1)രോഗ നിർണ്ണയത്തിനും, ലബോറിറ്ററി പരിശോധനയ്ക്കുമായി ആവശ്യമായ ഉപകരണങ്ങൾ വിതരണക്കാരന്റെ ഉടമസ്ഥതയിൽ നിലനിർത്തി ആവശ്യമായ റീ ഏജന്റുകളുടെ വിതരണം, സർവ്വീസ് എന്നിവ വിതരണക്കാരൻ നടത്തേണ്ടതാണെന്ന നിബന്ധനകൾ ഉൾപ്പെടുത്തി ടെണ്ടറുകൾ ക്ഷണിക്കുന്ന റീ ഏജന്റ് റെന്റൽ കോൺട്രാക്റ്റ് എന്ന വാങ്ങൽ രീതി അവലംബിക്കേണ്ടതാണെന്ന് മേൽ സൂചിത ഉത്തരവ് വ്യവസ്ഥ ചെയ്യുന്നു.

2)ഓരോ പരിശോധനയ്ക്ക് ആവശ്യമായ നിരക്ക് നിശ്ചയിക്കേണ്ടതും, നടത്തുന്ന പരിശോധനയ്ക്ക് മാത്രം നിരക്ക് നൽകേണ്ടതുമാണ്.

3)സാങ്കേതിക ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിങ്ങനെ രണ്ട് ഭാഗങ്ങളിലായി ടെണ്ടർ ക്ഷണിക്കുകയും, സാങ്കേതിക യോഗ്യതയുള്ളവരുടെ ടെണ്ടർ മാത്രം പരിഗണിക്കേണ്ടതുമാണ്.

4)ഉപകരണം പുതിയതും, മെഷീൻ 95 ശതമാനം പ്രവർത്തനക്ഷമമായിരിക്കുകയും ചെയ്യേണ്ടതാണ്.

5)സാങ്കേതിക വിദ്യ മാറുമ്പോൾ ഉപകരണം മാറ്റി സ്ഥാപിക്കേണ്ടതും. നിരക്കിൽ വ്യത്യസമില്ലാതെ നിശ്ചിത ഫലം ഉറപ്പ് വരുത്തേണ്ടതുമാണ്.

ഭാവിയിൽ പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.തുടർ നടപടികൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-28 പാലിയേറ്റീവ് കെയർ പ്രവൃത്തനം - നീരിക്ഷണങ്ങൾ

7.03.2019 ലെ സ.ഉ.(സാധാ)553/2019/ത.സ്വ.ഭ.വ എന്ന ഉത്തരവിലെ നിർദ്ദേശങ്ങൾക്കനസൃതമായി പാലിയേറ്റീവ് കെയർ പ്രവൃത്തനങ്ങളെ നീരീക്ഷണ വിധേയമാക്കിയതിന്റെ അടിസ്ഥാത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

1)ഹോം കെയർ സംവിധാനം

വാർദ്ധക്യ സഹജവും, മറ്റ് രീതിയിലുള്ള രോഗങ്ങൾ ബാധിതരായവർക്കും ആവശ്യമായ പരിചരണം നല്കി വരുവാനാണ് ഹോം കെയർ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നത്.പി.എച്ച്.സി യിൽ 2012 സാമ്പത്തിക വർഷത്തിലാണ് പ്രസ്തുത സംവിധാനം ആരംഭിച്ചിട്ടുള്ളത്.9.30 AM മുതൽ 3.00PM വരെയാണ് ഹോം കേയറിന്റെ സമയക്രമം.

2)പാലിയേറ്റീവ് ഒ.പി.യും രോഗികൾക്ക് നൽകുന്ന മറ്റ് പരിചരണ സാമഗ്രികളും.

പാലിയേറ്റീവ് പരിചരണത്തിനായി ബുധനാഴ്ച്ചകളിൽ O.Pയിലൂടെ ഒരു മാസം 40 ൽ കൂടുതൽ രോഗികൾ ചികത്സയ്ക്കായി വരുന്നുണ്ട്.രജിസ്റ്റർ പ്രകാരം രോഗികളുടെ എണ്ണം 530 ആണ്.രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നത് കൂടാതെ വീൽ ചെയർ, എയർബെഡ്, വാക്കർ, ബാക്ക് റെസ്റ്റ് എന്നിവ നൽകി വരുന്നുണ്ട്.

3)ഹോം കെയർ വാഹനം

ഹോം കെയറിനായി KL52C 5555 നം ആംബ്യുലൻസ് ഉപയോഗിച്ച് വരുന്നുണ്ട്.പഞ്ചായത്തിൽ നിന്നും കൈമാറിയ പ്രസ്തുത വാഹനത്തിന്റെ ലോഗ് ബുക്ക് മെഡിക്കൽ ഓഫീസറാണ് സൂക്ഷിച്ച് വരുന്നത്.

4)പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി.

2018-19 ൽ 4 തവണയാണ് പി.എം.സി യോഗം ചേർന്നിട്ടുള്ളത്.വിശദാംശങ്ങൾ :

26.05.2018, 30.07.2018, 19.12.2018, 28.03.2019 എന്നീ തിയ്യതികളിൽ യോഗം ചേർന്നിട്ടുണ്ട്.മെഡിക്കൽ ഓഫീസറും, 26 ആശാ വർക്കറും, വളണ്ടിയർമാരും, 2 ഡ്രൈവർമാരുമാണ് പങ്കെടുത്തിട്ടുള്ളത്.8 റിവ്യൂ മീറ്റിംഗും നടത്തിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.പി.എം.സി ഓരോ 2 മാസത്തിലും കൂടി പരിചരണ പ്രവർത്തനം വിലയിരുത്തേണ്ടതാണ്.പോരായ്മകൾ ചർച്ച ചെയ്ത് പരാതികൾക്കുള്ള പരിഹാര നടപടികൾ സമയബന്ധിതമായി സ്വീകരിക്കുവാനുള്ള തീരുമാനങ്ങൾ കൈക്കോളേണ്ടതാണ്. പ്രതി മാസ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്.മെഡിക്കൽ ഓഫീസറും, ഹോം കെയർ യൂണിറ്റുകളുടെ സെക്രട്ടറിയും, പ.എം.സി മീറ്റിംഗിൽ ക്ഷണിതാക്കളാക്കാവുന്നതാണ്.

2.മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതോടൊപ്പം ചെലവിന രേഖകളും കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

3.7.03.2019 ലെ സ.ഉ.(സാധാ)553/2019/ത.സ്വ.ഭ.വ എന്ന ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

## 1-29 വ്യവഹാര ചെലവുകൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തു മുഖാന്തിരം നടത്തുന്ന വ്യവഹാരങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും അഡ്വക്കേറ്റ് രാജഗോപാലന് നല്കിയ വക്കീൽ ഫീസിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ചെക്ക് നം. തീയതി | വൗച്ചർനം./തീയതി | തുക |
|---|---|---|
| 10727/22/03/2019 | 21801223/22.03.2019 | 47,500/- |

1)വ്യവഹാരങ്ങളുടെ വിശദവിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി കാലികമാക്കിയ സ്യൂട്ട് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.അഡ്വക്കേറ്റ് രാജഗോപാലന് നല്കിയ വക്കീൽ ഫീസായ 47,500/- രൂപയിലൂടെ കൈകാര്യം ചെയ്ത വ്യവഹാരങ്ങളുടെ വിശദവിവരങ്ങളും, ആയതിന്റെ നിലവിലെ സ്ഥിതിയും ഓഡിറ്റിന് ലഭ്യമാക്കുവാനായി 2.12.2020 ലെ അന്വേഷണ നം14. പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേസ് ഒന്നിന് 15,000/- രൂപ വരെ വക്കീൽ ഫീസ് അനുവദിക്കുന്നതിനും, 50,000/- രൂപ വരെ വകുപ്പ് അദ്ധ്യക്ഷൻമാരുടെ അനുമതിക്ക് വിധേയമായി ചെലവഴിക്കുന്നതിനും അനുമതി നല്കിയിട്ടുണ്ട്. 50,000/- രൂപയ്ക്ക് മുകളിൽ ചെലവഴിക്കാൻ സർക്കാരിന്റെ അനുമതി വാങ്ങണമെന്നും 18.02.2018 ലെ ജി.ഒ.(എം.എസ്.)36/2016 ത.സ്വ.ഭ.വ പ്രകാരം നിഷ്കർഷിക്കുന്നു.

3)47,500/- രൂപ 22.03.2019 ലെ ചെക്ക് നം.10727 ലൂടെ നല്കിയതിനുള്ള വകുപ്പ് അദ്ധ്യക്ഷൻമാർ നൽകിയ അനുമതിയുടെ വിശദവിവരങ്ങളും ഓഡിറ്റിന് രേഖാമൂലം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ക്രമ നം.1 മുതൽ 3 വരെയുള്ള നിരീക്ഷണങ്ങൾക്ക് രേഖാമൂലമുള്ള മറുപടി ഓഡിറ്റിന് സമർപ്പിക്കുവാനുള്ള തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

2)ഭാവിയിൽ വ്യവഹാര സംബന്ധമായ കാര്യങ്ങൾക്ക് 18.02.2018 ലെ ജി.ഒ.(എം.എസ്.)36/2016 ത.സ്വ.ഭ.വ യിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 തെരുവ് വിളക്കുകളുടെ പരിപാലനം.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ഒന്നാം പട്ടികയിലെ ക്രമ നം. 15 പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ടിട്ടുള്ള തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതും, ഇവയുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനുമായി പഞ്ചായത്ത് സ്വീകരിച്ച നടപടിക്രമങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ :

സംയുക്ത പരിശോധന

പഞ്ചായത്തിന്റെ പരിധിയിലുള്ള കുറച്ച് വാർഡുകളിൽ മാത്രം പഞ്ചായത്ത് അധികൃതരും, K.S.E.B. ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തിയിരുന്നു എങ്കിലും റിപ്പോർട്ട് പൂർണ്ണമായി പഞ്ചായത്തിന് ലഭ്യമായിട്ടില്ല.

വൈദ്യുതി ചാർജ്ജ്

നിലവിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് K.S.E.B നൽകി വരുന്ന ബില്ലുകളുടെ അടിസ്ഥാനത്തിലാണ് അടവാക്കി വരുന്നത്.പുതിയതായി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ തുക ഇതിൽ ഉൾപ്പെടുത്താറുമാണ്.59,360/- രൂപയാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് അടവാക്കി വരുന്നത്.

മീറ്ററിംഗ് സംവിധാനം.

തുക അപര്യാപ്തമായതിനാൽ തെരുവ് വിളക്കുകൾക്കുള്ള മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ പഞ്ചായത്തിന് സാധ്യമായിട്ടില്ല.മീറ്ററിംഗ് ഇല്ലാത്ത തെരുവ് വിളക്കുകളുടെ തരവും, എണ്ണവും അനുസരിച്ച് K.S.E.B. യുടെ ടാരിഫ് റേറ്റ് 24.11.2020 ലെ അന്വേഷണ നം.2 ലൂടെ ആവശ്യപ്പെട്ടിരുന്നു.ആയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്ററുകൾ

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് താഴെ പറയുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു :

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ (സ്ട്രീട്ട് ലൈറ്റ് രജിസ്റ്റർ).

2. പരാതി രജിസ്റ്റർ.

3. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ .

4. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്.

സ്ടറീറ്റ് രജിസ്റ്റർ നിലവിൽ സൂക്ഷിച്ച് വരുന്നുണ്ട്.പരാതി രജിസ്റ്ററിലൂടെ ലഭ്യമായ പരാതികൾ പരിഗണിച്ച് ഭരണ സമിതി ചർച്ച ചെയ്ത് വരാറുണ്ട്.ക്രമ നം.3, ക്രമ നം.4 എന്നീ രജിസ്റ്ററുകൾ നിലവിൽ പരിപാലിച്ച് വരുന്നില്ല.

<u>തെരുവ് വിളക്കുകളുടെ അറ്റ കുറ്റ പണികൾ</u>

ടെണ്ടർ നടപടിക്രമങ്ങളിലൂടേയാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ പഞ്ചായത്ത് നിർവ്വഹിച്ച് വരുന്നത്.പ്രവർത്തനക്ഷമത ജനകീയ സമിതി യോഗവും ഭരണ സമിതിയും ചേർന്ന് ചർച്ച ചെയ്ത് ഉറപ്പ് വരുത്തുന്നുണ്ട്.ഉപയോഗ ശൂന്യമായ വൈദ്യുതി ഉപകരണങ്ങൾ ലേലം ചെയ്ത് വിൽക്കാവുന്ന രീതിയിലുള്ളവ K.S.E.B യിൽ നിന്നും പഞ്ചായത്തിന് ലഭ്യമാവാറില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1)സംയുക്ത പരിശോധനയുടെ പൂർണ്ണമായ റിപ്പോർട്ട് K.S.E.B യിൽ നിന്നും ലഭ്യമാക്കി പകർപ്പ് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

2)പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം പൂർണ്ണമായി ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)തെരുവ് വിളക്കുകൾക്കായി വാങ്ങുന്ന സാധന സാമഗ്രികൾക്കുള്ള പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് ും ഭാവിയിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടി എഴുതി സൂക്ഷിക്കേണ്ടതാണ്.

4)തെരുവ് വിളക്കുകളുടെ തരവും, എണ്ണവും കണക്കാക്കി വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് ആസ്പദമായ K.S.E.B യുടെ റ്റാരിഫ് റേറ്റ് ഹാജരാക്കേണ്ടതാണ്.

5)വൈദ്യുതി ഉപഭോഗം കൂടിയ ബൾബുകളെ ഒഴിവാക്കി താരതമ്യേന ഉപഭോഗം കുറഞ്ഞതും, വില്പനാന്തര സേവന വ്യവസ്ഥകൾ ഉറപ്പ് വരുത്തി പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത എൽ.ഇ.ഡി. ബൾബുകൾ നിലനിർത്താവുന്നതുമാണ്.

നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-31 പഞ്ചായത്ത് വാഹന പരിപാലനം

പഞ്ചായത്ത് വാഹനത്തിന്റെ കാര്യക്ഷമമായ പരിപാലനത്തിനായി കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ മേൽ നോട്ടത്തിൽ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണെന്ന് 30.06.2007 ലെ ജി.ഒ.(എം.എസ്)170/07/ ത.സ്വ.ഭ.വ ലെ ഉത്തരവ് നിഷ്കർഷിക്കുന്നു :

1)ലോഗ് ബുക്ക്.

2)ഫ്യൂവൽ ഓർഡർ ബുക്ക്.

3)ഫ്യൂവൽ രജിസ്റ്റർ.

4)റിപ്പയർ രജിസ്റ്റർ.

5)സ്റ്റോക്ക് രജിസ്റ്റർ.

ഇവയിൽ കാലികമാക്കി സൂക്ഷിക്കാത്ത രജിസ്റ്ററുകളുടെ വിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കുവാനായി 1.12.2020ലെ. അന്വേഷണ നം.13 ലൂടെ ആവശ്യപ്പെട്ടിരുന്നു.

വാഹനത്തിന്റെ കാര്യക്ഷമമായ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി സെക്രട്ടറിയുടെ മേൽ നോട്ടത്തിൽ ലോഗ് ബുക്ക് പ്രത്യേകമായി സൂക്ഷിച്ച് വരുന്നുണ്ട്. ഫ്യൂവൽ രജിസ്റ്ററും, റിപ്പയർ രജിസ്റ്ററും, സ്റ്റോക്ക് രജിസ്റ്ററും ഒരേ ബുക്കിൽ വ്യത്യസ്ഥ ഫോളിയോയിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ച് വരികയാണ് നിലവിൽ ചെയ്ത് വരുന്നത്.

ആറു മാസത്തിലൊരിക്കൽ ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്റെ സാനിദ്ധ്യത്തിൽ നിർവ്വഹിക്കപ്പെട്ടിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഭാവിയിൽ 30.06.2007 ലെ സർക്കാർ നിർദ്ദേശ പ്രകാരം നിഷ്കർഷിക്കുന്ന എല്ലാ രജിസ്റ്ററുകളും എഴുതി സൂക്ഷിക്കേണ്ടതാണ്.

2)ആറു മാസത്തിൽ ഒരിക്കൽ ഫ്യവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥന്റെ സാനിദ്ധ്യത്തിൽ നിർവ്വഹിക്കേണ്ടതാണ്.പ്രസ്തുത ടെസ്റ്റിന്റെ റിസൾട്ട് ലോഗ് ബുക്കിൽ പതിച്ച് സൂക്ഷിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ചത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-32 മാർഗ്ഗദീപ്തി രോഗികൾക്കായി വാങ്ങിയ മരുന്നുകൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

മെഡിക്കൽ ഓഫീസർ 2018-19 ൽ മാർഗ്ഗദീപ്തി മാനസിക രോഗികൾക്ക് മരുന്ന് നൽകൽ എന്ന പദ്ധതിക്കായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റ് നം. S0030/19 ന്റെ മറ്റ് വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| അടങ്കൽ | 1,00,000/-(വികസന ഫണ്ട്) |
| ബിൽ നം./തീയതി | ചെലവ് |
| 23/18-19/20/02/2019 | 66,730/- |

മാർഗ്ഗദീപ്തിയിൽ നിന്നും സംക്ഷിപ്തത്തിൽ ഉൾപ്പെടുത്തിയ ബിൽ പ്രകാരം മാറിയ 66,730/- രൂപയ്ക്ക് ലഭ്യമാക്കിയ മരുന്നുകളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.(28.11.2020ലെ. അന്വേഷണ നം.12)

മരുന്നുകളുടെ പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 66,730/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 കുടിവെള്ള വിതരണം - നീരിക്ഷണങ്ങൾ

പഞ്ചായത്തിന്റെ പരിധിയിലുള്ള കുടിവെള്ള വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാനായി ബന്ധപ്പെട്ട രേഖകളും, രജിസ്റ്ററുകളും പരിശോധനയ്ക്ക് വിധേയമാക്കി.പഞ്ചായത്ത് തലങ്ങളിൽ സ്വീകരിച്ച് വരുന്ന നടപടിക്രമങ്ങളുടെ വിശകലനത്തിന്റെ അടിസ്ഥാത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

കുടിവെള്ള പദ്ധതികൾ :(24.11.2020 ലെ അന്വേഷണ നം.5)

പഞ്ചായത്തിന്റെ അധീനതയിൽ കുടിവെള്ള പദ്ധതികളൊന്നും തന്നെ ഇല്ല.എല്ലാ പദ്ധതികളും ഗുണഭോക്തൃ സമിതികൾക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്.പദ്ധതികൾക്കുള്ള വൈദ്യുതി ചാർജ്ജ് ഉൾപ്പെടെ യാതൊരു തുകയും പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കാറില്ല.നിലവിൽ വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ വലിയ കുടിവെള്ള പദ്ധതികൾ ഒന്നും ഇല്ല.വാർഡുകളിലെ ചില പ്രദേശങ്ങളിൽ പഞ്ചായത്ത് മുഖേന 3-4 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ചെറുകിട കുടിവെള്ള പദ്ധതികൾ മാത്രമേ നിലവിലുള്ളൂ.

കുടിവെള്ള കണക്ഷനുകൾ :

പഞ്ചായത്ത് ഉപഭോക്താക്കളിൽ നിന്നും ഡെപ്പോസിറ്റും, കണക്ഷൻ ചാർജ്ജും ഈടാക്കി നേരിട്ട് ഗാർഹിക/ഗാർഹികേതര കണക്ഷനുകൾ നൽകി വരുന്നില്ല.

പൊതുടാപ്പുകളിലൂടേയുള്ള ശുദ്ധ ജല വിതരണം.

പഞ്ചായത്തിന്റെ പ്രധാന പ്രദേശങ്ങളിൽ പാവരട്ടി കുടിവെള്ള പദ്ധതിയിൽ നിന്നും K.W.A അനിവദിച്ച 253 പൊതു വെള്ള ടാപ്പുകളിലൂടെ ജല വിതരണം നടത്തി വരുന്നു.

ആയതിന്റെ വെള്ളക്കര ഇനത്തിൽ പഞ്ചായത്ത് പ്രതി മാസം 1,07,188/- രൂപ അടവാക്കി വരുന്നുണ്ട്.

സംയുക്ത പരിശോധന

K.W.A യുമായി പഞ്ചായത്ത് അധികൃതർ സംയുക്തമായി പ്രവർത്തനക്ഷമമായതും, പ്രവർത്തന രഹിതമായവയുമായ പൊതുവെള്ള ടാപ്പുകളുടെ കണക്കുകൾ നിർണ്ണയിക്കുവാനായി സംയുക്ത പരിശോധന നടത്തിയതായി സെക്രട്ടറി രേഖാമൂലം വിശദീകരിച്ചിട്ടുണ്ട്.പരിശോധനയുടെ റിപ്പോർട്ട് നാളിത് വരെ ലഭ്യമായിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്.താരതമ്യേന മറ്റ് വലിയ കുടിവെള്ള പദ്ധതികളൊന്നും തന്നെയില്ലാത്തതിനാൽ പൊതു ടാപ്പുകളെ മാത്രമാണ് ജനങ്ങൾ ആശ്രയിച്ച് വരുന്നത്.

വെള്ളക്കര കുടിശ്ശിക

വളരെ വർഷങ്ങളായി വെള്ളക്കരമിനത്തിൽ പഞ്ചായത്തിന് കുറച്ച് കുടിശ്ശിക K.W.A ക്ക് അടവാക്കുവാനായി ബില്ലിൽ നിലനിൽക്കുന്നുണ്ട്.കുടിശ്ശിക കണക്കുകളുടെ നിർണ്ണയം സംയുക്ത പരിശോധനയിലൂടെ കൃത്യതയും, ആധികാരികതയും കൈവരിക്കുമെന്നതിനാൽ പ്രസ്തുത സാഹചര്യത്തിൽ പ്രൊജക്റ്റ് രൂപീകരിച്ച് സംയുക്ത ചാർജ്ജുകളോടൊപ്പം കുടിശ്ശിക അടവാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് സ്വീകരിച്ച മറ്റ് നടപടികൾ

1)പ്രവർത്തനക്ഷമമായ പൊതു ടാപ്പുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ല.

2)പഞ്ചായത്ത് നേരിട്ട് വെള്ളക്കരം പിരിക്കുകയോ, വൈദ്യതി ചാർജ്ജ് അടവാക്കുകയോ, പമ്പ് ഓപ്പറേറ്റർക്ക് വേതനം നൽകുകയോ ചെയ്ത് വരുന്നില്ല.

3)കുടിവെള്ള പദ്ധതികളുടെ നിയമാവലി കാലാകാലങ്ങളിൽ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നുണ്ട്.

4)അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കുന്ന പദ്ധതി മുഖേനയാണ് ഗുണഭോക്തൃ സമിതികൾക്ക് പദ്ധതികൾ നിർമ്മിച്ച് നൽകിയിട്ടുള്ളത്.

5)പരമ്പരാഗത ജല ശ്രോതസ്സുകളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടത്തി വരുന്നുണ്ട്.സംയുക്ത പ്രവർത്തനങ്ങൾക്കായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)പഞ്ചായത്ത് അധികൃതരും, K.W.Aയുമായി സംയുക്തമായി നിർണ്ണയിച്ച പ്രവർത്തനക്ഷമവും, പ്രവർത്തന രഹിതവുമായ പൊതു വെള്ള ടാപ്പുകളുടെ കണക്കുകൾ ഉൾപ്പെടുത്തിയിട്ടുള്ള റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

2)സംയുക്ത പരിശോധനയുടെ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്കും, ധനകാര്യ ഡയറക്ടർക്കും റിപ്പോർട്ട് വാട്ടർ അതോറിറ്റി സമർപ്പിക്കണം.

3)28.09.2011 ലെ ജി.ഒ.(ആർ.ടി) 2242/2011/ത.സ്വ.ഭ,വ പ്രകാരം സംയുക്ത പരിശോധന പൂർത്തിയാക്കിയ ത.ഭ. സ്ഥാപനങ്ങളുടെ കുടിശ്ശിക അടിയിന്തിരമായി അടവാക്കണം.പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കാതെ വെള്ളക്കര കുടിശ്ശിക ഗ്രാന്റുകളിൽ നിന്നും പിടിച്ച് അടവാക്കുന്നതല്ല.

4)സംയുക്ത പരശോധനയിൽ പ്രവർത്തനക്ഷമത ഉറപ്പാക്കിയ പൊതു വെള്ള ടാപ്പുകൾക്കുള്ള മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-34 സാമൂഹ്യ സുരക്ഷാ പദ്ധതികൾ - നിരീക്ഷണങ്ങൾ

ഗ്രാമ പഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി സൂക്ഷിച്ച് വരുന്ന രജിസ്റ്ററുകളും, പെൻഷനുകൾ അനുവദിക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടിക്രമങ്ങളും നീരിക്ഷണങ്ങൾക്ക് വിധേയമാക്കുകയുണ്ടായി.ആയതിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

പഞ്ചായത്ത് നൽകി വരുന്ന പെൻഷനുകളുടെ വാർഷിക സംഗ്രഹം :

| പെൻഷൻ | ലഭിച്ച അപേക്ഷകൾ | നടപടി സ്വീകരിച്ചത് | നിരസിച്ചത് | ബാക്കി | നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| വിധവ പെൻഷൻ | 59 | 59 | 1 | 57 | 1509 |
| അവിവാഹിതർക്കുള്ള പെൻഷൻ | 6 | 6 | 2 | 5 | 165 |
| വികലാംഗ പെൻഷൻ | 23 | 23 | 5 | 18 | 412 |
| കാർഷിക പെൻഷൻ | - | - | - | - | 226 |
| വാർദ്ധക്യ പെൻഷൻ | 184 | 184 | 18 | 166 | 2946 |

6.11.2017 ലെ സ.ഉ.(എം.എസ്)നം.483/2017/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളുടെ സംയോജനവും, പുതിയ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് വരുന്ന നടപടിക്രമങ്ങൾ :

1)പെൻഷനുകൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ വിശദവിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തി വരുന്നുണ്ട്.

2)അപേക്ഷകൾ ലഭ്യമായത് അന്വേഷണം നടത്തിയ ശേഷം 45 ദിവസത്തിനുള്ളിൽ സേവനാവകാശം നല്കുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് അർഹത ഉറപ്പ് വരുത്തിയതിന് ശേഷം ബന്ധപ്പെട്ട പെൻഷനുകൾ നൽകി വരുന്നു.

3)4 ചക്ര വാഹനങ്ങൾ ഉള്ളവർക്ക് നിലവിൽ പെൻഷൻ അനുവദിക്കുന്നില്ല.

4)വികലാംഗർക്കുള്ള പെൻഷനുകൾ കൈപ്പറ്റുന്നവർക്ക് വാർദ്ധക്യ കാലയളവിൽ വാർദ്ധക്യ പെൻഷനും നൽകി വരുന്നുണ്ട്.

5)പെൻഷനർ മരണപ്പെടുന്ന സാഹചര്യത്തിൽ ആനുകൂല്യം നല്കി വരുന്ന സഹകരണ ബാങ്കിലൂടേയും പിന്നീട് വാർഡ് മെമ്പറുടെ അന്വേഷണത്തിലൂടേയും അപേക്ഷകൻ മരണപ്പെട്ടത് ഉറപ്പ് വരുത്തിയതിന് ശേഷം പെൻഷൻ നല്കുന്നത് നിർത്തലാക്കുവാനുള്ള നടപടിക്രമങ്ങളും സ്വീകരിച്ച് വരുന്നു.

6)2018-19 ൽ ലഭ്യമായ അപേക്ഷകൾ പരിഗണിച്ചതും, നിരസിച്ചതും, നടപടികൾ സ്വീകരിക്കാത്ത അപേക്ഷകളുടേയും വിശദവിവരങ്ങൾ അടങ്ങിയ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടിയ വാർഷിക സംഗ്രഹം നിലവിൽ പെൻഷൻ രജിസ്റ്ററുകളിൽ സൂക്ഷിച്ച് വരുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുമ്പോൾ 6.11.2017 ലെ സ.ഉ.(എം.എസ്)നം.483/2017/ധന പ്രകാരമുള്ള മാനദണ്ഡങ്ങളും, വ്യവസ്ഥകളും പാലിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-35 ടാർ ബാരൽ വില ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡ് പുനരുദ്ധാരണ പ്രവർത്തികളിൽ ഫൈനൽ ബില്ലിൽ നിന്നും ടാർ ബാരൽ വില 26876/-രൂപ ഈടാക്കിയിട്ടില്ല. ആയത് 18% നികുതികളോടുകൂടി ഈടാക്കേണ്ടതുമാണ്.

വിശദവിവരങ്ങൾ ഖണ്ഡിക 3-1 ആയി കൊടുത്തിരിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ടാർ ബാരൽ വില ഈടാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡ് പുനരുദ്ധാരണ പ്രവർത്തികളിൽ ഫൈനൽ ബില്ലിൽ നിന്നും ടാർ ബാരൽ വില 26876/-രൂപ ഈടാക്കിയിട്ടില്ല. ആയത് 18% നികുതികളോടുകൂടി തിരികെ ഈടാക്കേണ്ടതുമാണ്.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നം | പ്രവൃത്തിയുടെ പേര്- | ഉപയോഗിച്ച ടാറിന്റെ അളവ്. ഫൈനൽ ബില്ല്, തുക, തീയ്യതി, അളവ് പുസ്തകം നം. | | ബാരലുകളുടെ വില (നികുതികൾ ഒഴികെ) @238 |
|---|---|---|---|---|
| | | തരം | ബാരലുകളുടെ എണ്ണം | |

| | | | | |
|---|---|---|---|---|
| | | RS1@200kg<br>SS1@200kg<br>VG30@156kg | | |
| 1 | ചെരപ്പരമ്പ് എസ്സ് സി കോളനി റോഡ് റീടാറിംഗ് | Rs.199746/-<br>67/18-19,<br>11.3.19<br>MB.5/18-19 | | |
| | RS1 | 172.26 | 1.161 | |
| | VG30 | 1547.68 | 9.921 | |
| ആകെ | | | 11.082 | 2637.516 |
| 2 | പുരക്കുളങ്ങരക്കാവ്പുതലിപ്പുറംറോഡ് റീടാറിംഗ് | Rs.149829/-<br>48/18-19,<br>11.3.19<br>MB.48/18-19 | | |
| | RS1 | 103.69 | 0.518 | |
| | VG30 | 1142.72 | 7.325 | |
| | ആകെ | | 7.843 | 1866.634 |
| 3 | പുലാത്ത് പറമ്പ് റോഡ് റീടാറിംഗ് | Rs.293467/-<br>75/18-19,<br>19.3.19<br>MB.4/18-19 | | |
| | RS1 | 256.3 | 1.281 | |
| | VG30 | 2289.06 | 14.673 | |
| | ആകെ | | 15.954 | 3797.052 |
| 4 | ഓട്ടുപാറക്കുന്ന് റീടാറിംഗ് | Rs.198424/-<br>76/18-19,<br>18.3.19<br>MB.5/18-19 | | |
| | RS1 | 173.88 | 0.869 | |
| | VG30 | 1334.17 | 8.552 | |
| | ആകെ | | 9.421 | 2242.198 |
| 5 | കുഞ്ഞ് മോൻപടി താളം റോഡ് റീടാറിംഗ് | Rs.249971/-<br>78/18-19,<br>11.3.19<br>MB.37/18-19 | | |
| | RS1 | 176.67 | 0.883 | |
| | VG30 | 1945.55 | 12.471 | |
| | ആകെ | | 13.354 | 3178.252 |
| 6 | മഞ്ചാടി റോഡ് ടാറിംഗ് | Rs.68861/-<br>79/18-19,<br>20.3.19<br>MB.65/18-19 | | |
| | SSI | 73.7 | 0.369 | |
| | RS1 | 23.84 | 0.119 | |
| | VG30 | 182.94 | 1.173 | |
| | ആകെ | | 1.651 | 392.938 |
| 7 | എഴുമങ്ങാട് ശിവക്ഷേത്രം റോഡ് | Rs.244488/- | | |

| | | | | |
|---|---|---|---|---|
| | ടാറിംഗ് | 82,83/18-19,<br>25.3.19<br>MB.10/18-19 | | |
| | SSI | 360.06 | 1.800 | |
| | RS1 | 116.49 | 0.582 | |
| | VG30 | 893.8 | 5.729 | |
| | ആകെ | | 8.111 | 1930.418 |
| 8 | പെരുമല്ലിക്കുന്നു റോഡ് ടാറിംഗ് | Rs195522/-<br>84/18-19,<br>25.3.19<br>MB.10/18-19 | | |
| | SSI | 283.56 | 1.418 | |
| | RS1 | 91.74 | 0.459 | |
| | VG30 | 703.90 | 4.512 | |
| | ആകെ | | 6.389 | 1520.582 |
| 9 | വിളയത്ത്<br>റോഡ് ടാറിംഗ് | Rs.293195/-<br>85/18-19,<br>22.3.19<br>MB.59/18-19 | | |
| | SSI | 435.56 | 2.178 | |
| | RS1 | 140.74 | 0.704 | |
| | VG30 | 1079.9 | 6.922 | |
| | ആകെ | | 9.804 | 2333.352 |
| 10 | ബഹറിൻ സെന്റർ ഇടവഴി റോഡ് ടാറിംഗ് | Rs.295680/-<br>87/18-19,<br>22.3.19<br>MB.7/18-19 | | |
| | SSI | 430.56 | 2.153 | |
| | RS1 | 139.30 | 0.697 | |
| | VG30 | 1068.82 | 6.851 | |
| | ആകെ | | 9.701 | 2308.838 |
| 11 | മേലോറത്ത് ചിറ വഴി ടാറിംഗ് | Rs.246848/-<br>88/18-19,<br>22.3.19<br>MB.8/18-19 | | |
| | SSI | 372.3 | 1.862 | |
| | RS1 | 120.54 | 0.603 | |
| | VG30 | 924.18 | 5.924 | |
| | ആകെ | | 8.239 | 1960.882 |
| 12 | മൂരിപ്പാറ സ്കൂൾ റോഡ് ടാറിംഗ് | Rs.345528/-<br>99/18-19,<br>22.3.19<br>MB.115/18-19 | | |
| | SSI | 504.9 | 2.525 | |
| | RS1 | 163.35 | 0.817 | |
| | VG30 | 1253.34 | 8.034 | |
| | ആകെ | | 11.376 | 2707.488 |
| ഒട്ടാകെ | | | | 26876.15 |

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 3.07.2019 മുതൽ 4.07.2019 വരെ | നം.കെ.എസ്.എ-പി.കെ.ഡി21/997/ 2019(77) തിയതി 26.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 388631 | ഉഴവുകൂലി | 388631 | 0 |
| | | 2243418 | ലൈഫ്-ജനറൽ | 2243418 | 0 |
| | | 636167 | ലൈഫ്-എസ് സി | 0 | 636137 |
| | | 150000 | എസ് സി കട്ടിൽ വിതരണം | 83665 | 66335 |
| | ആകെ | 3418216 | | 2715714 | 702502 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1274552 | ലൈഫ്-ജനറൽ | 1274552 | 0 |
| | | 314758 | ലൈഫ്-എസ് സി | 0 | 314758 |
| | | 1338000 | ഉഴവുകൂലി | 1338000 | 0 |
| | ആകെ | | | 2612552 | 587918 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | പഞ്ചായത്ത് ശ്മശാനത്തിലേക്ക് ലൈൻ ദീർഘിപ്പിക്കൽ | ചെക്ക് നമ്പർ 2437927/ 31.12.18 | 108384 | 108384 | 0 |
| കേരള വാട്ടർ അതോറിറ്റി | വിവിധ കുടിവെള്ള പദ്ധതികളുടെ യീൽഡ് ടെസ്റ്റിന് തുക നൽകൽ | 2437914/13.11.18 | 34650 | 34650 | 0 |
| കേരള വാട്ടർ അതോറിറ്റി | മിനി കുടിവെള്ള പദ്ധതികളുടെ യീൽഡ് ടെസ്റ്റിന് തുക നൽകൽ | 1794088/5.7.18 | 26400 | 26400 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരം | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | തുക | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- HUDCO വായ്പ | LF 511/2018 | 17092030 | 0 | 0 | 0 | 17092030 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | തുക | ഒടുക്കിയ ആൾ | രസീത് നം.തീയ്യതി |
|---|---|---|---|---|
| 1996-97 | - | 345 | സെക്രട്ടറി | 11801010100233/13.4.2018 |
| 2011-12 | 2-5 | 18570 | പ്രിൻസിപ്പാൾ, ഐ.ജി. സ്കൂൾ, കറുകപുത്തൂർ | 1180101083262/1.3.2019 |
| 2013-14, 2014-15 | 2-3 | 12500 | പ്രിൻസിപ്പാൾ, ഐ.ജി. സ്കൂൾ, കറുകപുത്തൂർ | 1180101083272/1.3.2019 |
| 2012-13 | 2-7 | 1000 | ചന്ദ്രശേഖരൻ | 118010107095/ 28.1.2019 |
| 2012-13 | 2-1 | 250 | ജോസ് എബ്രഹാം | 118010107097/ 28.1.2019 |
| ആകെ | | 32665 | | |

*കുറിപ്പ്. ഓഡിറ്റ് റിക്കവറി എന്ന ശീർഷകത്തിൽ തുകകൾ ഈടാക്കുന്നതിന് പകരം prior period item (RP 26)എന്ന ശീർഷകത്തിൽ ആണ് തുകകൾ വരവ് വെച്ചിരിക്കുന്നത് ഭാവിയിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കുന്ന തുകകൾ ബന്ധപ്പെട്ട ശീർഷകത്തിൽ തന്നെ വരവ് വെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14, 2014-15 | 3-17 | 2015-16 | 5-2-1 ബി | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സൂക്ഷിപ്പിലുണ്ടായ വീഴ്ച | നടപടികൾ തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 121897895 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83631177 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26876 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 78110 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 26876 | ശ്രീമതി ജമീല.പി.എം അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 78110 | ഡോ: ഖലീൽ മാജിദ് മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | | ഒന്നുമില്ല. | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജമീല.പി.എം അസി.എഞ്ചിനീയർ | -- | പടിയത്ത് വീട്, കൊരട്ടി,നാലുകെട്ട് പി.ഒ ത്രിശ്ശൂർ ജില്ല |
| ഡോ: ഖലീൽ മാജിദ് | മെഡിക്കൽ ഓഫീസർ, | മയ്യേരി വീട് പുത്തനത്താണി(പിഒ) |

| | | |
|---|---|---|
| | പി എച്ച് സി, കറുകപുത്തൂർ | മലപ്പുറം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.പി 20/541 തീ.12.04.12 | 3 |
| 1997-98 | നം.എൽ.എഫ്.പി 20/42/2000 തീ.11.3.04 | 10 |
| 1998-99 | നം.എൽ.എഫ്.പി 11/818/04 തീ.28.12.07 | 15 |
| 1999-00 | നം.എൽ.എഫ്.പി 20/785/10 തീ.15.06.11 | 12 |
| 2000-01 | നം.എൽ.എഫ്.പി 20/786 തീ.16-06-11 | 3 |
| 2001-02 | നം.എൽ.എഫ്.പി 20/788 തീ.25-06.11 | 6 |
| 2002-03 | നം.എൽ.എഫ്.പി 20/667 തീ.26.11.11 | 3 |
| 2003-04 | നം.എൽ.എഫ്.പി 20/667(a)/11 തീ.26.11.11 | 5 |
| 2004-05 | നം.എൽ.എഫ്.പി 20/668/11 തീ.26.11.11 | 3 |
| 2005-06 | നം.എൽ.എഫ്.പി 20/670 തീ.26.11.11 | 1 |
| 2006-07 | നം.എൽ.എഫ്.പി 20/874/12 തീ.21.05.12 | 4 |
| 2007-08 | നം.എൽ.എഫ്.പി 20/848(2) തീ.12.7.12 | 8 |
| 2008-09 | നം.എൽ.എഫ്.പി 20/849 തീ.21.5.12 | 7 |
| 2009-10 | നം.എൽ.എഫ്.പി 20/850 തീ.21.5.12 | 10 |
| 2010-11 | നം.എൽ.എഫ്.പി 20/2178 തീ.30.8.14 | 15 |
| 2011-12 | നം.എൽ.എഫ്.പി P20/1801 തീ.12.12.14 | 14 |
| 2012-13 | നം.എൽ.എഫ്.പി 20/511/15 തീ.10.08.2015 | 21 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി 20/363/ 2016 തീ. 28.06.2016 | 22 |
| 2015-16 | നം.കെ.എസ്.എ.-പി.കെ.ഡി 20/2039/ 2016 dt.21-12-2016 | 6 |
| 2016-17 | നം.കെ.എസ്.എ-പികെഡി 20/1643/2018 തീ. 08.10.2018 | 11 |
| 2017-18 | നം.കെ.എസ്.എ-പികെഡി 20/868/2019 തീ. 26.08.2019 | 13 |

ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

## അനുബന്ധം-I

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി.21/997/2019/(77)

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി.26.08.2019

ഫോൺ - 04912-520145

ഇ-മെയിൽ - dopkd.ksad@kerala.gov.in

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് അനുസരിച്ചും, പാഞ്ചായത്ത് രാജ്/ നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### അനുബന്ധം

### ന്യൂനതകളുടെ സംഗ്രഹം

1. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി ഡിമാന്റ് -കളക്ഷൻ- ബാലൻസ് തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്താണ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദവിവരങ്ങളടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

2. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായില്ല.

3. സ്റ്റോക്ക് രജിസ്റ്റർ ബാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD.21/997/2019/(77)

Kerala State Audit Department,

District Audit Office, Palakkad,

Date.26.08.2019

Phone Number: 04912 520145

email: dopkd.ksad@kerala.gov.in.

## CERTIFICATE

Certified that 1 have examined the Annual Financial Statement of Thirumittacode Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the financial Statement of Thirumittacode Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Annexure
## Abstracts of defects / Discrepancies

1. Property Tax Demand - Collection - Balance in Sanjaya Software is matched to the Annual Financial Statement by Book Adjustment. But details of the adjustment were not made available for inspection.
2. Depreciation has been recorded for the assets but the asset register is not complete and the accuracy of the charged amount could not be ascertained.
3. The stock register is not kept as a value based.

DEPUTY DIRECTOR

## അനുബന്ധം-2
## വാർഷിക കണക്കുകൾ സംക്ഷിപ്തം

| ThirumittakodeGramaPanchayat<br>BALANCESHEET<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 27064626.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 52237.00 |
| 312000000 | Reserves | B-3 | 61667070.00 |
| | Total Reserve & Surplus | | 88783933.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3787396.00 |
| | Total Grants, Contributions for Specific Purposes | | 3787396.00 |
| | Loans | | |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 17092030.00 |
| | Total Loans | | 17092030.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 774172.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1297927.70 |
| | Total Current Liabilities and Provisions | | 2072099.70 |
| | TOTAL LIABILITIES | | 111735459.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 63473353.00 |
| 411000000 | Accumulated Depreciation | B-11 | -8079402.00 |
| 412000000 | Capital Work in Progress | B-11(a) | 353861.00 |
| | Total Fixed Assets | | 55747812.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 17092030.00 |
| 450000000 | Cash and Bank Balance | B-17 | 38266718.00 |
| 460000000 | Loans, Advances and Deposits | B-18 | 628899.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 55987647.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 111735459.00 |

Thirumittakode Grama Panchayat
INCOME & EXPENDITURE STATEMENT
For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5241466.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 950.00 |
| 140000000 | Fee & User Charges | I-4(b) | 2762203.00 |
| 150000000 | Sale & Hire Charges | I-5(b) | 349387.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 148741686.00 |
| 171000000 | Interest Earned | I-8 | 302094.00 |
| 180000000 | Other Income | I-9 | 7015.00 |
| | Total Income | | 157404801.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9467887.00 |
| 220000000 | Administrative Expenses | I-11(b) | 1219644.00 |
| 230000000 | Operations & Maintenance | I-12(b) | 948007.00 |
| 240000000 | Interest & Finance Charges | I-13 | 1086.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4450400.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 59237064.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2457953.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1593099.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 64434760.00 |
| 255000000 | Maintenance Projects | I-14(e) | 6064273.00 |
| 272000000 | Depreciation | I-17(a) | 6332890.00 |
| | Total Expenditure | | 156207063.00 |
| | Gross Surplus/ Deficit of income over Expenditure | | 1197738.00 |
| 280000000 | Prior Period Item | I-18 | -50839.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1248577.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Thirumittakode Grama Panchayat
RECEIPT & PAYMENT STATEMENT
For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|

| | | No | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 29159888.00 |
| Cash | Cash | RP-40(a) | 251395.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 938275.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 2412393.00 |
| 150000000 | Sale & Hire Charges | RP-5 | 349387.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54313995.00 |
| 171000000 | Interest Earned | RP-9 | 302094.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10527372.00 |
| 350000000 | Other Liabilities | RP-36 | 385944.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3015.00 |
| 311000000 | Earmarked Funds | RP-29 | 46424.00 |
| 330000000 | Secured Loans | RP-32 | 17092030.00 |
| 340000000 | Deposits Received | RP-34 | 320109.00 |
| 350000000 | Other Liabilities | RP-36 | 261822.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5012572.00 |
| 460000000 | Loans, Advances and Deposits | RP-47 | 521180.00 |
| | Grand total | | 121897895.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3521452.00 |
| 220000000 | Administrative Expenses | RP-12 | 1219644.00 |
| 230000000 | Operations & Maintenance | RP-13 | 946747.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4450400.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 37982009.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2457953.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1593099.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 379060.00 |
| 255000000 | Maintenance Projects | RP-20 | 6064273.00 |
| 280000000 | Prior Period item | RP-26 | -15541.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1341000.00 |
| 350000000 | Other Liabilities | RP-36 | 4061551.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1086.00 |
| 280000000 | Prior Period Item | RP-26 | -20180.00 |
| 311000000 | Earmarked Funds | RP-29 | 1000.00 |
| 340000000 | Deposits Received | RP-34 | 347704.00 |
| 350000000 | Other Liabilities | RP-36 | 2173890.00 |
| 410000000 | Fixed Assets | RP-38 | 11574383.00 |
| 412000000 | Capital work in Progress | RP-40 | 353861.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 5197786.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 38254625.00 |
| Cash | Cash | RP-40(b) | 12093.00 |
| | Grand Total | | 121897895.00 |

ഡെപ്യൂട്ടി ഡയറക്ടർ